*നജീബ അനസ്*

*രണ്ടാം വർഷം ബി.എ. മലയാളം*

# ആധുനിക ലോകത്തിലേക്ക് ഒരെത്തിനോട്ടം

ഒരു പുത്തൻ നൂറ്റാണ്ടിനെ വരവേല്ക്കാനുള്ള ഒരുക്കത്തിലാണല്ലോ മാനവർ. പക്ഷെ നാം ആർജിച്ചിരുന്ന എന്തൊക്കെയോ ചിലത് ഈയടുത്ത കാലങ്ങളിലായി നമ്മളിൽ നിന്നും നാമറിയാതെ തന്നെ അന്യവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. അനന്തമായ സാഗരത്തിന്റെ കൂലം കുത്തിയൊഴുക്കിന്നിടയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന സാമഗ്രികൾ പോലെ സംസാരത്തിലെ സാമഗ്രികളായ നമ്മളും യാത്ര ചെയ്യുന്നു. ഈ പ്രയാണം ഇതേ രീതിയിൽ തുടർന്നു കൊണ്ടേയിരുന്നാൽ അനതി വിദൂര ഭാവിയിൽ എന്തെല്ലാമാണ് സംഭവിക്കുക എന്നത് ചിന്തിക്കാൻ പോലും പ്രയാസമാണ്. ദിവസങ്ങൾ മണിക്കൂറുകൾ മാത്രമാകുന്ന അഥവാ മിനുട്ടുകൾ സെക്കന്റുകളാകുന്ന ഈ നവയുഗത്തിൽ മാറ്റങ്ങൾ അപ്രതീക്ഷിതങ്ങളാണ്. ഒന്നും നാം ഉദ്ദേശിച്ച് ചെയ്യുന്നതല്ല, എന്ന് സധൈര്യം പറയാം. കാരണം, ജീവിത യാത്രയിൽ അങ്ങനെയായിപ്പോവുകയാണ്. സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെന്നല്ല ജീവിതത്തിന്റെ നാനാതുറകളിലും ഇത്തരം വ്യതിയാനങ്ങൾ നിയന്ത്രണാതീതമാണെന്ന് പ്രസ്താവിക്കേണ്ടതില്ലല്ലോ.





സാമൂഹ്യ-സാംസ്കാരിക രംഗത്ത് മഹത്തായ പദവി നേടിയവരാണെന്ന അവകാശം ഉന്നയിക്കുന്നവരാണല്ലോ ആധുനികർ. പക്ഷെ, ഈ രണ്ടു തലങ്ങളിലുമുള്ള ഉയർച്ച എത്രത്തോളമുണ്ട്? സമഗ്രമായി പഠന വിധേയമാക്കുമ്പോൾ മിക്കവരിലും ഒരു സംശയം ഉണർന്നു വരാം. നാം ചരിക്കുന്നത് മുന്നോട്ടോ, പിന്നോട്ടോ? നമ്മുടെ ഈ ചലനം തന്നെയാണ് ഇന്നത്തെ ചർച്ചാവിഷയവും. യഥാർത്ഥത്തിൽ നമ്മുടെ യാത്ര പിന്നിലേക്കാണ്. അന്ധമായ പാശ്ചാത്യനുകരണം മൂലമാവാം ഈ അവരോഹണം. സംസ്കാരത്തെക്കുറിച്ച് ഉയർന്ന് ചിന്തിക്കാൻ കഴിയുന്ന കേരളീയരിൽ പോലും ഇന്ന് സാംസ്കാരിക ച്യുതിയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാലത്ത് നാം പരിപാവനമായി കരുതിയിരുന്നത് എന്തെല്ലാമായിരുന്നുവോ അവയെല്ലാം തന്നെ ഇന്ന് മറ്റൊരു രീതിയിലാണ് വീക്ഷിക്കുന്നത്. ഒരു കാലത്ത് പരിശുദ്ധിയുടെ പ്രതീകമായും ദേവിയായും പരിഗണിച്ചിരുന്ന സ്ത്രീയെ ഇന്ന് എങ്ങനെയാണ് ലോകം ദർശിക്കുന്നത്? ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിൽ മാത്രമല്ല, കവലകളിലെ പെട്ടിക്കടകളിൽ പോലും തൂങ്ങിക്കിടക്കുന്നത് അവളുടെ നിറം പിടിപ്പിച്ച നഗ്നതയല്ലാതെ മറ്റെന്താണ്? വൻകിട കമ്പനിക്കാർ തങ്ങളുടെ പരസ്യത്തിനായി പ്രയോജനപ്പെടുത്തുന്നതും അവളെ തന്നെ. ഇത്തരം ചെയ്തികൾ മൂലം നഷ്ടമാവുന്നത് അവളുടെ ചാരിത്ര്യം തന്നെയാണ്. ഇത്തരം കാപാലികരുടെ ചെയ്തികൾ മൂലം വ്യർത്ഥമാവുന്നത് സ്ത്രീയുടെ, മാതൃത്വത്തിന്റെ മഹനീയതയല്ലേ? യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവത: എന്നു പാടിയ മനുവിന്റെ നാട്ടിൽ പോലും ഇത്തരം അഴിഞ്ഞാട്ടങ്ങൾ നടക്കുന്നുവെന്നത് വിസ്മയാവഹമാണ്. എവിടെ

സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ രമിക്കുന്നു എന്നാണ് ശ്ലോകത്തിന്റെ വിവക്ഷ. മനുവിന്റെ സ്ത്രീപൂജയും ഇന്നത്തെ സ്ത്രീപൂജയും തമ്മിലുള്ള അന്തരം തന്നെ നമ്മുടെ ദയനീയാവസ്ഥയാണ് പ്രകടമാക്കുന്നത്.

മാതൃദേവോഭവ: എന്ന തൈത്തിരീയോപനിഷത്തിലെ സൂക്തമാണ് ഓർമ്മയിൽ വരുന്നത്. ഈ വചനം പറയാൻ തന്നെ ഇന്നത്തെ ലോകത്തിൽ ലജ്ജയുണ്ട്. മാതാവിനെ ഈശ്വരന്റെ പ്രതിമൂർത്തിയായി കരുതുകയും ശ്രദ്ധ, ഭക്തി, അനുസരണം എന്നിവയിൽ എപ്പോഴും പ്രസാദിപ്പിക്കണം എന്നാണിതിന്റെ വിവക്ഷ. 'മാതാപിതാഗുരു ദൈവം' എന്ന വചനവും ശ്രദ്ധേയമാണല്ലോ. പക്ഷെ ഇന്ന് മാതാപിതാക്കളെ ഇത്തരത്തിൽ കാണുന്നവർ എത്രയുണ്ടെന്ന് പത്രദ്വാരാ നാം മനസ്സിലാക്കിയതാണല്ലോ. ആൺ മക്കൾ ഏറ്റുവാങ്ങാത്തതുമൂലം മണിക്കൂറുകളോളം മോർച്ചറിയിൽ സംരക്ഷിച്ചിരുന്ന മൃതദേഹത്തെ ക്കുറിച്ചുള്ള വാർത്ത നമ്മെയെല്ലാം അല്പം ഞെട്ടിച്ചിരിക്കാം. ഈ ശാസ്ത്ര സാങ്കേതിക യുഗത്തിൽ തങ്ങളെ പരിപാലിച്ചു വളർത്തിയവരെ ആത്മാർത്ഥമായി ശുശ്രൂഷിക്കുന്ന ദയാലുക്കൾ എത്രയുണ്ട്? വിദ്യാസമ്പന്നരായ പലരുടെയും ജീവിത കഥകൾ കേൾക്കുമ്പോൾ മനഃസാക്ഷി മരവിച്ചിട്ടില്ലാത്ത ഏതൊരാൾക്കും മനഃപ്രയാസമുണ്ടാക്കും. പഠനത്തിനു ശേഷം മാതാപിതാക്കളിൽ നിന്ന് ലഭിക്കേണ്ടവയെല്ലാം ചൂഷണം ചെയ്ത്-വിദേശങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് മറുനാട്ടിലെ അച്ഛനമ്മമാരെ പരിപാലിക്കാൻ എവിടെയാണ് സമയം? താൻ കുടുംബനാഥനായുള്ള കുടുംബത്തെ പരിപാലിക്കാനല്ലാതെ തങ്ങൾക്കു ജന്മം നല്കിയ, ആനിലയിലവരെ ഉയർത്തിയ 'ദേവതുല്യർക്ക്' അർഹമായ യാതൊന്നും അവർ നല്കുന്നുമില്ല. ഇതല്ലേ ഉയർന്ന വിദ്യാഭ്യാസമുള്ള, സാംസ്കാരിക ബോധമുള്ളവന്റെ കുടുംബം. തന്റെ മാതാപിതാക്കളുടെ ഒരു കാര്യത്തിനു മാത്രം അവൻ സശ്രദ്ധം ചെവികൊടുക്കുന്നു. അത് അൻപത് അറുപത് വയസ്സാവുമ്പോൾ 'വൃദ്ധസദന'ത്തിലെത്തിക്കാനാണെന്നു മാത്രം. സാംസ്കാരിക ബോധത്തിന് മാത്രം പ്രാമുഖ്യം നൽകുന്നതിലാണവന്റെ ജാഗരൂകത. അത്തരത്തിലുള്ള മക്കൾക്ക് ജന്മം നൽകിയതിന്റെ പേരിൽ, തങ്ങൾക്കന്യമായവരാൽ പരിചരിക്കപ്പെടാൻ വിധിക്കപ്പെട്ടതിന്റെ പേരിൽ കേഴുന്ന മാതൃപിതൃഹൃദയങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന പാശ്ചാത്യ രീതി നമുക്കനുയോജ്യമല്ലെന്ന് ഏതൊരു സംസ്കാര സമ്പന്നനും വിളിച്ചു പറയും.

പാശ്ചാത്യാനുകരണത്തിന്റെ മറ്റൊരു മുഖമാണ് ദൃശ്യ-ശ്രാവ്യ മാധ്യമത്തിൽ നാം നമ്മുടെ നഗ്നനേത്രങ്ങളാൽ വീക്ഷിക്കുന്ന ദൃശ്യങ്ങൾ-അറപ്പും വെറുപ്പും ഉളവാക്കുന്ന കാമുകീ-കാമുകന്മാരുടെ പണയ ലീലകൾ! അത് വീക്ഷിക്കുന്ന കുഞ്ഞുങ്ങൾ-അനുകരണശീലമുള്ളവരാണല്ലോ അവർ- ഇത്തരം വൃത്തി ഹീനമായ രംഗങ്ങൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പ് നൽകാൻ ആർക്കും കഴിയില്ല. അക്രമ പ്രവണത ജനിപ്പിക്കാനും ഈ മാധ്യമം പിന്നിലല്ല. ഇത്തരത്തിലുള്ള അസംബന്ധങ്ങളിലാണല്ലോ ഇന്നത്തെ പിഞ്ചുകുഞ്ഞുങ്ങളുടെ-നാളത്തെ ഭരണാധികാരികളുടെ വിഹാരം എന്നത് കണ്ണടച്ച് തള്ളിക്കളയാനാവില്ല. നമ്മെ നാളെ നയിക്കേണ്ടവരുടെ വിഹാരം അശ്ലീലലോകത്താണെങ്കിൽ നാളെ അവർ എന്തായിത്തീരും എന്നത് ഗൗരവമേറിയ പ്രശ്നമാണ്.അച്ഛനും അമ്മയ്ക്കും മക്കൾക്കും ഒരുമിച്ചിരുന്ന് കാണാൻ പറ്റാത്ത, അശ്ലീലമെന്ന് മുദ്രകുത്തിയ ദൃശ്യങ്ങളാണല്ലൊ ദൃശ്യ- ശ്രാവ്യ മാധ്യമത്തിൽ നാം കണ്ടു കൊണ്ടിരിക്കുന്നത്. നിഷ്കളങ്കനായ കുഞ്ഞിന് ശരിയും തെറ്റും കളങ്കവും നിഷ്കളങ്കതയും, നീതിയും അനീതിയും ധർമ്മവും അധർമവും എന്താണെന്ന് വിവേചിച്ചറിയാൻ കഴിയുന്നില്ല. സംസാരമാകുന്ന സാഗരത്തിന്റെ കൂലം കുത്തിയൊഴുക്കിൽ ഒഴുകിപോകാൻ വിധിക്കപ്പെട്ടവരാണ് ആ പിഞ്ചുകുഞ്ഞുങ്ങൾ.

മനുഷ്യർ തമ്മിലുള്ള ബന്ധം പോലും ഇന്ന് കൃത്രിമമാണ്. ഒരാൾക്കും മറ്റൊരാളെയും വിശ്വസിക്കാൻ കഴിയാത്ത, ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിയാത്ത പരിതസ്ഥിതിയാണിന്ന്. തന്റെ ആത്മാർത്ഥ സുഹൃത്ത് ഇന്നയാളാണെന്ന് പറയാൻ കാര്യ ലാഭത്തിനായുള്ള ഓട്ടത്തിനിയടിൽ ഒരാൾക്കും സാധ്യമല്ല. ഓരോരുത്തരിലും കുടികൊണ്ടിരിക്കുന്നത് ഞാൻ, ഞാൻ, എന്ന ബോധം മാത്രമാണ്. തന്റേതായ കാര്യത്തിനല്ലാതെ മറ്റൊരാൾക്ക് തന്റെ സഹായ ഹസ്തം നീട്ടാൻ ഇന്നത്തെ മനുഷ്യൻ മടിക്കുന്ന രംഗമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഏറ്റവും പരിപാവനവും കുടുംബ ജീവിതത്തിന്റെ അടിത്തറയെന്ന് വിശേഷിപ്പിക്കാവുന്നതുമായ ഭാര്യാ-ഭർതൃ ബന്ധം പോലും ഇന്ന് കളങ്കമറ്റതാണെന്ന് പറയാൻ വയ്യ. ഇവിടെ സ്നേഹത്തെക്കാൾ വില സ്വർണത്തിനും പണത്തിനുമാണ്. ഒരാൾ വിവാഹാലോചന നടത്തുമ്പോൾ കാര്യമായി അന്വേഷിക്കുന്നത് സ്വർണവും ധനവുമല്ലാതെ മറ്റൊന്നുമല്ല. തന്നെ സ്നേഹിക്കാൻ പറ്റിയ ഒരു തുണയെയല്ലെ, എത്രത്തോളം കിട്ടും എന്ന കുടില ചിന്തയാണ് അവനെ നയിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് പ്രോത്സാഹനം നൽകാൻ ഒരു കൂട്ടം ശിങ്കിടികളുമുണ്ട്. ഇത്തരം നിശ്ചേതനങ്ങളായ വസ്തുക്കൾക്കു വേണ്ടിയുള്ള മോഹത്തിന് ഭംഗം വരുമ്പോഴാണല്ലോ ഭർത്താവും പരിവാരവും ഭാര്യയെയും, മകൻ മാതാപിതാക്കളെയും വധിക്കുന്നത്. ഇത്തരത്തിലുള്ള വസ്തുക്കളോടുള്ള അദമ്യമായ സ്നേഹം മൂലം പത്രത്താളുകളിൽ ദിനേന കാണുന്ന ദാരുണമായ മരണങ്ങളും കൊലപാതകങ്ങളും നമ്മുടെ

ജീവിതത്തിൽ ഇന്ന് നിത്യസംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു.

റോഡപകടങ്ങൾ മൂലം വാഹനത്തിൽ നിന്നും തെറിച്ച് വീണ് രക്തത്തിൽ കുതിർന്ന് മരണത്തോട് മല്ലിടിച്ച് മണിക്കൂറുകളോളം അതേ പടി കിടക്കുന്നവരെക്കുറിച്ചും വണ്ടിയിൽ കയറുമ്പോൾ വണ്ടി ഇളകിയതിനാൽ അബദ്ധത്തിൽ പിടിവിട്ട് ചതഞ്ഞരഞ്ഞ കൈകാലുകളുമായി ആരാലും ശ്രദ്ധിക്കപ്പെടാതെ അലമുറയിട്ട് കരയുന്നവരുടെ ദയനീയ രംഗങ്ങൾ പത്രങ്ങളിൽ കാണുമ്പോൾ നാം മനസ്സിലാക്കേണ്ടത് ആധുനികരുടെ മൂല്യച്യുതിയെക്കുറിച്ചാണ്. അത്തരം പരിതാപകരമായ അവസ്ഥയിൽ അവരുടെ ജീവൻ രക്ഷപ്പെടുത്താൻ തയ്യാറുള്ള എത്ര മാത്രം മനുഷ്യസ്നേഹികളാണിവിടെയുള്ളത്? യമദേവൻ ഒരുവനെ പിടികൂടുമ്പോൾ അവന്റെ വെപ്രാളം കണ്ട് ചിരിക്കാനല്ലാതെ, ഇത് അവന്റെ മാത്രം ഗതിയല്ല തനിക്കും ഇതു പോലെ സംഭവിക്കും എന്ന് വ്യാകുലപ്പെടാനുമൊന്നും ഇന്നത്തെ മനുഷ്യർക്ക് സാധ്യമല്ല. തങ്ങളുടെതായ ലോകത്ത് മാത്രം സ്വൈരവിഹാരം നടത്തുന്ന ആധുനികരെ ഇത്തരം കഠോരമായ രംഗങ്ങളൊന്നും തന്നെ പിന്തിരിപ്പിക്കില്ല. അവരുടെ മനസ്സിൽ നിന്ന് മാനവികമൂല്യങ്ങൾ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കയാണ്. ഇത്തരത്തിൽ മരവിച്ച മനസ്സുകളുമായി ജീവിക്കുന്നവരാണ് ഇന്നത്തെ പരിഷ്കാരികൾ. അവർക്ക് സുപരിചിതമായ ലോകം കേവലം സുഖദുഃഖസമ്മിശ്രങ്ങളായ ഭൗതിക ജീവിതമല്ല. മറിച്ച് സമ്പൂർണ്ണമായ ഭാവനാലോകം മാത്രമാണ്. അതിന്നായി അവൻ കഞ്ചാവിനേയും ബ്രൗൺഷുഗറിനേയും മാർഗദർശികളായി കരുതുന്നു. തങ്ങളുടെ മുൻ കാല അനുഭവങ്ങൾ വിസ്മരിച്ച്കൊണ്ട്, തന്റെ പൂർവ്വാവസ്ഥയെ അവഗണിച്ച് ഭൂലോകത്തെ പ്രജാപതികളായി വിലസുന്ന, പരിസരബോധം നഷ്ടപ്പെട്ട ഒരു ജനതയെയാണ് ലോകത്തിൽ നാം കാണുന്നത്.

ചുരുക്കത്തിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലെത്തുമ്പോഴേക്കും നമുക്കു ചുറ്റിലും വരാവുന്ന മാറ്റങ്ങൾ പ്രവചനാതീതമാണ്. ഇപ്പോൾ തന്നെ, ന്യൂക്ലിയർ കുടുബവും, ഫ്ളാറ്റ് സമ്പ്രദായവും വഴി സങ്കുചിതമായ മനസ്സും തത്ഫലമായി സ്വാർത്ഥ ചിന്തയ്ക്ക് അടിമപ്പെട്ടവരുമാണ് നാമടക്കമുള്ള ഇന്നത്തെ സമൂഹം. അഴിമതിയും അനീതിയും അധാർമികതയുമൊന്നുമല്ലാതെ നമ്മുടെ ചുറ്റിലും ഒന്നും തന്നെയില്ല. നമ്മിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്ന വിശാലമനസ്കതയും മാനുഷിക ഭാവങ്ങളും പുനരുജ്ജീവിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിനായി നമുക്ക് യത്നിക്കാം

'ലോകാ സമസ്താ സുഖിനോഭവന്തു' എന്നത് പ്രവർത്തികമാക്കാം.

ESSAY

# Atrocity Against Women

*Sophia.B.R.*
*Shareena banu.C.P.*
*IInd BA Sociology*

The problem of women is a universal problem. The women in earlier times shared equal status with men in many societies. Later Industralization and modernization brought discrimination on the basis of gender. Womens position and values are declining practically in every sphere of life. The incidents of violence against women is an age old problem. This social pathology required sociological analysis.

Atrocity or violence against women is catagarized into two - Mental and Physical tourturing. The former included verbal abuse, mental tourturing, frieghtening etc. while the later includes domestic violence, dowry death, prostitution, rape etc. Whether physical or psycological violence against women needs to be viewed law and order problem of one shared not just by an individual or two but by the whole society. What is the reason for the age-old problem that threatens to assume alarming propotion by the day? Is it due to a general increase in violence in society that also makes women the target? Or is it because of an increase in backlash against women who wish to break out of the convential mould a consiquence of the changing attitude of society.

### Domestic violence

Domestic violence is a phenomenon across culture. This mainly include battering, murder, verbal abuse and martial violence. Yamin Hazarika mentioned that the resent trends in violence aganst women such as incest and increasing martial violence, reveal that the home is no longer as safer place for the women- whether the natal home or marital home. The surmise being that a women is safer but side her home than inside violence against women appears to steam from the patriarchal belief that women are property, which men have the right to control and abuse. She was pressured by her community to stay with her husband however much he abuse her. The unwillingness of the parent to accept the girl when she com-

plains about harashment of husband and in laws, motion of dishonour, if she returned to parential house etc reason their condition. Only recently some consuousmess emerged among women that this state of affair is injust.

Alchoholism is another factor, which makes the life of women misarable. Most of the killing, batering, suicide is reported at homes were their brothers, husbands, fathers are drunkards. Divorce is increasing in recent days. If we analyse the cases reported in family courts, the main reason for divorce is alchoholism.

Married women are increasingly harashed tourtured, burned and forced to commit suicide or murdered on account of dowry, before before, during and after solemanzation of marriage. The development of consumer culture made women a commodity to be sold. Dowry indirectly reflects that bride is economically non-productive . And it also show the superiority of men over women. The Dowry Prohibition Act of 1961 legaly bans the practice of dowry. But it has many defects and loopholes and there by allows the practice of dowry unbeated. To check this practice, both men and women must condem on it, theoriticaly and practicaly.Such a revolution is yet far away , but it may not be on illusion, if both the constituents of society men & women together take interest against the dowry system along with egalitarian social order.

The problem of sex selective abortion is a problem of conscience. The evergrowing fanticide and infanticide is denying women the right of equality anf life on the ground of their gender.

## RAPE

Rape means sexual coercion. It is an attack on the subordinate group of men to dishonour women. The rape rate increased recently because of the appropriate surroundings. Consumer culture, symbolizes women as a sexual and pleasure object to satisfy the lust of man.

several forms of RAPE

a. Rape within marriage
b. Rape within family
c. Rape as caste/ class domination
d. Rape against children, minors & unprotected young women
e. Gang rape during war, political uphevals as an instrument of revenge.
f. Custodial rape
g. Stray, Unpredicted rape.

The commercial cinema has played a negative role by using rape scenes as a titillating device, giving like message of rape as an existing sport. When a child see this scenes continously, the inhilition will reduced in him or her by doing so. Psycological, unmarried girls are more vulurable not having had any social experince to defent themselves against attack. Mentaly retarded girls are also vulunerable to rape. Rape of minor girls or single women by make relatives are very often their father-in-laws or brother - in-laws, remain unreported. It was also noticed that married men than unmarried men are offenders.

The greater hurdles in dealing RAPE

a). Social attitude towards the victim. That is women subjected to rape is treated as soiled and hence to be rejected.
b). The legal police procedure
c. The process of trail where victim is further humiliated.
d). Loopholes in the law, it is unchanged over years.
e). Attitude of police, judiciary and lawyers.

All this conclude that victim faces rejection not oppressor. Public interest in rape case is not motivated by concern for the women victim , but to make political gain. Analysis of News paper reporting reveals the sensationalising trend where very little attention is paid to the victim point of view.

Kerala is a developed society were literacy rate is very high and where women enjoy maximum freedom, litracy & education have important role in making a society developed but it does not help to reduce the rape rate. Recently rape and gang rape increased very much in Kerala. The consince of Keralities were started by the incidents like Suriya Nelly and Thankamani incidents. In Alapuza Harijan colony kidnapping and group rape were occured in the last 70's. In Suria Nelly incidents for 40 days a fourteen year old school girl was held captive and sexualy abused by more than fourty men. Shockingly her termentators includes political big wigs, senior advocateds, Film - T.V stars and even a college professor. "Kerla has become a heaven for sex rakets" claims Meenakshi Thampan.

Statistics collected from Crime Record Bureau of Kerala and some official reports

| state | year | number increased | percentage |
|---|---|---|---|
| India | After 1971 rape rate increased to | | 250 |
| India | 1989<br>1993 | 9156<br>11242 | 22.90 increase |
| Kerala | 1973<br>1983<br>1989<br>1991<br>1992<br>1993<br>1995 | 44<br>116<br>206<br>203<br>212<br>213<br>457 | |

In Kerala from 1951-61, the atrocity against women increased to 8%. In whole India MadyaPradesh reported the highest rate of rape, that is 2486. Uttar Pradesh rank second - 1754

**Commercial Sex Work**

Commercial sex work, the term refers to an act of sexual profession in which women sells her sexual favours for the sake of money. The Act of 1956 which deals with the suppression of immoral traffic in women & girls says that, A prostitute is a female who offers her body for the promoscious, sexual inter course for hire, whether in money or in kind. The prostitute like the rape victim is the on who bears the stigma not the customer. Women were completely made commodity as mere flesh objects. Commercial sex workers comprise, one such industry where women are constantly subjected to physical & sexual violence.

Forms of prostitutes: 1. Hereditary prostitute 2. Religious prostitute 3. Traditional prostitute 4. Situational prostitute 5. Call-girls or hotel prostitute 6. Prostitute belong to backward.

**Major causes for prostitution in India:**

The social, economical and religious causes are 1. Iltreatment at home to widows & wifes 2. Un employment 3. Poverty or economic insecurity
4. Helpless 5. Dowry & polygamy 6. Lack of proper sex education 7. Illitracy 8. Religious cause like the Devadasy system 9. Landless

Many girls are sold by their own parents husbands and in laws to form prostitutes. Asia about ten lakhs of children are prostitute and in India it is estimated more than 1 lakh naturaly in the begining of her profession a prostitute often had to experience harsh treatment from their pimps & brothel owners. They faces sustained violence from procused pimps, brothel owners and anti social elements hangins around in the red light area.

According to the survey conducted by the Indian Health Organisation, the police and under world mafia gains lakhs of rupees around the brotherl area each day. The survey reveals, that 29.38% of the prostitute were below twenty and 50% of women were of HIV +ve and majority suffer, sexualy transmitted deases (STP). There are many incidents which need the very attention of the government according to the Immoral Traffic Act of 1986, brothal owners can be sentenced to between 7 & 14 years imprisonment for forcing children into prostitution.

All the laws meant to increae the status of women are not effective there are loopholes in the laws, many laws remain unchanged even after years. For example the compensation rate still continue amount 500 for the divorced women. " It is not because of the lack of laws , but because of the lack of enforcement, the atrouty against women increases", claims Chief Justice Fathima Beevi who was a member of Human Rights Commission strict enforcement not only take them away from crime but ensure them that women must be respected. The idea of 33% reservation for women in legislative bodies is a positive movement to increase the status of women politicaly and socialy.

To escape from all this atro cities a strong awareness programme must be initiated. There is a sufficient lack of organizations among women themselves all the scattered organisations must co-ordinate to make the movement more effective. The welfare programmes implemented by government for the development of women is in effective. To change the prespective of society the media, the public opinion, policy makers have an important role to play.

*രജിത്ത് എൻ.കെ.*
*രണ്ടാം വർഷം ബി.എ.സോഷ്യോളജി.*

# ബ്രാഹ്മണർ: ഒരു വീണ്ടുവിചാരം

ബ്രാഹ്മണർ മാംസം കഴിക്കാത്തവരാണ്. എന്നു പറഞ്ഞത് സ്വയം അഭിമാനിക്കുന്ന കാഴ്ചയാണ്. നമുക്ക് ഇന്ന് കാണാൻ സാധിക്കുന്നത്. 'പച്ചക്കറി സംസ്ക്കാര' മാണ് തങ്ങളുടെതെന്ന് ഇവർ കൊട്ടിഘോഷിക്കുകയും ചെയ്യുന്നു. ഈ അഭിമാനത്തിന് ബ്രാഹ്മണർക്ക് അർഹതയുണ്ടോ? അഥവാ മാംസം കഴിച്ചില്ലെങ്കിൽ തന്നെ ഇവർക്ക് അഭിമാനിക്കാൻ അർഹതയുണ്ടോ?

ഇന്ന് ബ്രാഹ്മണർ അവകാശപ്പെടുന്നതിനു വിപരീതമായി "ഋഗ്വേദകാലത്ത് ആര്യന്മാർ ഭക്ഷണാവശ്യങ്ങൾക്കു വേണ്ടി പശുവിനെ കൊല്ലുകയും ഗോമാംസം ഭക്ഷിക്കുയും ചെയ്തിരുന്നു." വെന്ന് ഋഗ്വേദത്തെ സാക്ഷി നിർത്തി ഡോ. അംബേദ്കർ വസ്തുനിഷ്ഠമായി തെളിയിക്കുകയുണ്ടായി. "അവർ എനിക്കുവേണ്ടി, പതിനഞ്ച് അധികം ഇരുപത് ഋഷഭങ്ങളെ വേവിച്ചു" എന്ന് ഋഗ്വേദം X 86-14 ൽ ഇന്ദ്രൻ പറയുന്നു. ഇതുതന്നെ അതിന് വേണ്ടത്ര തെളിവുതരുന്നു.

സൽക്കാരങ്ങളിൽ "മധുപർക്കം" കൊടുക്കുന്നത് അന്ന് പ്രധാമായിരുന്നു. മധുപർക്കം കൊണ്ട് സൽക്കരിക്കപ്പെടാൻ അർഹതയുള്ള ആറ് വ്യക്തികളെപ്പറ്റി ഗൃഹ്യസൂത്രത്തിൽ വിവരിക്കുന്നു.

1. ഋത്വിജ് അഥവാ, യജ്ഞം ചെയ്യാൻ വിളിച്ചുവരുത്തുന്ന ബ്രാഹ്മണൻ, 2. ആചാര്യൻ 3, നവവരൻ 4. രാജാവ്, 5. സ്നാതകൻ (ഗുരുകുവിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചുവരുന്നവൻ) 6. ആതിഥേയൻ എന്നിവരാണ് ഇവർ. മധുപർക്കത്തിൽ മാംസം ഇല്ലാതിരിക്കാൻ പാടില്ലെന്ന് വേദം പ്രഖ്യാപിക്കുന്നതായി മാധവഗൃഹ്യ സൂത്രം (1-9-22) പറയുന്നു. ഇങ്ങനെ മധുപർക്കം ബ്രാഹ്മണർക്ക് നൽകിയിരുന്നുവെങ്കിൽ ബ്രാഹ്മണർ മാംസഭോജികളല്ലായിരുന്നു എന്ന് ഇവർ അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്!

രതിദേവന്റെ കൊട്ടാരത്തിൽ ബ്രാഹ്മണരെ ഊട്ടുവാൻ ആയിരക്കണക്കിനു പശുക്കളെ മാംസത്തിനുവേണ്ടി ഒരുക്കി നിർത്തിയിരുന്നുവെന്ന് ഇവരുടെ തന്നെ ഗ്രന്ഥമായ മഹാഭാരതം പറയുന്നു. കൂടാതെ വാൾകൊണ്ടോ മഴുകൊണ്ടോ പശുവിനെകൊന്നിരുന്നതായി ഋഗ്വേദം X-72 -6 ൽ പറയുന്നു.

ബ്രാഹ്മണർ പിന്നീട് ഗോമാംസഭക്ഷണം നിറുത്തിയതും സസ്യാഹാരം സ്വീകരിച്ചതും, ബുദ്ധമതത്തിന് സമൂഹത്തിൽ ലഭിച്ച സ്വാധീനതയെ മറികടക്കുവാൻ വേണ്ടിയാണ്. ബ്രാഹമണ മതത്തിലെ മൃഗബലിയുടെയും യജ്ഞങ്ങളുടെയും ഫലമായി നിരവധി പശുക്കൾക്കും കാളകൾക്കും ജീവഹാനി സംഭവിക്കുകയും വംശനാശത്തെ നേരിടുകയും ചെയ്തു. ഈ ഘട്ടത്തിൽ ബുദ്ധമതം ഇത്തരം പ്രവർത്തനത്തെ എതിർത്തു. (ബുദ്ധമതം മാംസഭക്ഷണത്തെ നിരാകരിച്ചിരുന്നില്ല) തൽഫലമായി കർഷകജനതക്ക് ബുദ്ധമത്തതോട് ബഹുമാനവും, പശുക്കളെയും കാളകളെയും കൊല ചെയ്യുന്ന സമ്പ്രദായം പിന്തുടർന്ന ബ്രാഹ്മണമതത്തോട് വെറുപ്പും ഉണ്ടാവാനിടയായി. ഇതിനെ തുടർന്ന് ബുദ്ധമതത്തിന്റെ സ്വാധീനം സമൂഹത്തിൽ വർദ്ധിച്ചു.

സമൂഹത്തിലുള്ള ബുദ്ധമതത്തിന്റെ സ്വാധീനതയെ നശിപ്പിക്കാൻ അക്രമമുൾപ്പെടെയുള്ള പല മാർഗ്ഗങ്ങളും ഇവർ അവലംബിച്ചു. തങ്ങൾക്ക് നഷ്ടപ്പെട്ട പരിഗണന നേടിയെടുക്കാൻ ബുദ്ധമതത്തെ അതിജീവിക്കുകയെന്നത് ഒഴിച്ചു കൂടാൻ കഴിയാതെ വന്നതിനെ തുടർന്ന് ബ്രാഹ്മണർ ഗോമാംസഭക്ഷണം ഉപേക്ഷിക്കുകയും സസ്യാഹാരം സ്വീകരിക്കുകുയം ചെയ്തു.

ഇത്രയും തെളിവുകളുണ്ടായിട്ടും തങ്ങൾ മാംസഭോജികളായിരുന്നുവെന്ന് അംഗീകരിക്കുവാൻ ഇവർ മടിക്കുകയാണ്. ഇത്തരത്തിൽ ഇവർ നിരാകരിക്കുകയാണെങ്കിൽ ഇന്നു നാം കാണുന്ന പശുക്കളുടെ 'പിതൃത്വം' (മുൻഗാമികൾ എന്ന അർത്ഥത്തിൽ ) ബ്രാഹ്മണർ ഏറ്റെടുക്കേണ്ടിവരും. ബ്രാഹ്മണർ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് മനസുമൃതി. ഈ മനുസ്മൃതി ബ്രാഹ്മണരുടെ മാംസാഹാരത്തെ അനുകൂലിക്കുന്നതായികാണാം.

"പ്രോക്ഷിതം ഭക്ഷിയേന്മാംസം ബ്രാഹ്മണനാം ച കാമ്യയാ
യഥാവിധി നിയുക്തസ്തുപ്രാണാനാമേവ ചാത്യയേ"
(5-27)

യജ്ഞത്തിൽ മന്ത്രപൂർവ്വം പ്രോക്ഷണ സംസ്കാരം ചെയ്തു ഹോമിച്ച മാംസം ഭക്ഷിക്കാം. ബ്രാഹ്മണർക്ക് മാംസം കഴിക്കണമെന്ന് കൊതി തോന്നിയാൽ വിധിപ്രകാരം അനുവദിച്ചിട്ടുള്ളത് ഭുജിക്കാം. ശ്രാദ്ധത്തിലും വിധി

ച്ചിട്ടുള്ളതുകൊണ്ട് ആകാം. മറ്റാഹാരമൊന്നും കിട്ടാതെ പ്രാണഹാനി വരുമെന്ന നിലയിലെത്തിയാലും മാംസം കഴിക്കാം. ഇതിലൂടെ ബ്രാഹ്മണർ മാംസം കഴിക്കുന്നതിൽ തെറ്റില്ലെന്ന് തങ്ങളുടെ തന്നെ ഗ്രന്ഥം സൂചിപ്പിക്കുന്ന തായികാണാം.

"യജ്ഞായ ജഗ്ധിർമാംസ്യേത്യേഷദൈവോവിധിഃ സമൃത:
അതോ഻ന്യഥാപ്രവൃത്തിസ്തുരാക്ഷസോവിധി രുച്യതേ"
(5-31)

യജ്ഞഭാഗമായ മാംസം ഭക്ഷിക്കുന്നത് ദൈവവും അങ്ങനെയല്ലാതുള്ളത് രാക്ഷസമെന്നും പറയപ്പെടുന്നു. യജ്ഞം നടത്തുന്ന മാംസം ഭക്ഷിക്കുന്നത് നല്ലതും അല്ലാ ത്തത് ചീത്തയുമായി ചിത്രീകരിക്കുന്നത് ഇവിടെ കാണാം. യജ്ഞം നടത്താനുള്ള അവകാശം ബ്രാഹ്മ ണർക്ക് 'സംവരണം' ചെയ്തിരിക്കെ, അങ്ങിനെ .യജ്ഞം നടത്താൻ വേണ്ടി ബ്രാഹ്മണർ ക്ഷണിക്കപ്പെടാനും അതിന്റെ വിഹിതം കൂടി ബ്രാഹ്മണർക്ക് നേടിയെടുക്കാ നുമായിരിക്കാം കൂടി ഇത്തരത്തിലൊരു നിയമം.

"ക്രീത്വാ സ്വയം വാപ്യുത്പാദ്യപരോപകൃത മേവ വാ
ദേവാൻ പിതൃംശ്ചാർചയിത്വാ ഖാദൻ മാംസം ന ദുഷ്യദി"
(5-32)

വിലക്കു വാങ്ങിയതോ, സ്വയം വളർത്തിയെടുത്ത തോ, അന്യരാരെങ്കിലും കൊണ്ടുവന്നുതന്നതോ ആയ മാംസം ദേവന്മാർക്കും പിതൃക്കൾക്കും നല്കിയശേഷം ബാക്കിയുള്ളത് ഭക്ഷിക്കുന്നത് കൊണ്ട് ദോഷം ഏർപ്പെ ടുകയില്ല. ഇങ്ങനെയെല്ലാം മനുസ്മൃതി ബ്രാഹ്മണരു ടേയും മറ്റും മാസംഭക്ഷണത്തെ അംഗീകരിക്കുകയും മാംസഭക്ഷണത്തിനായി ക്ഷണിക്കുകയും ചെയ്യുന്നു.

"നീയുക്തസ്തുയഥാന്യായംയോമാംസംനാത്തി മാനവാ:
സപ്രേത്യപശുതാംയാതിസംഭവാനേകേവിംശതിം"

വിധിയാം വണ്ണം ക്ഷണിക്കപ്പെട്ടിട്ടും ശ്രാദ്ധത്തിൽ മാംസം ഭുജിക്കാത്ത മനുഷ്യർ മരണശേഷം ഇരുപത്തൊന്നു തവണ പശുവായി ജന്മമെടുക്കും.

മനുസ്മൃതിയുടെ അഞ്ചാമദ്ധ്യായത്തിൽ 35-ാം ശ്ലോകം ഇങ്ങനെ ക്ഷണ മുണ്ടായിട്ടും മാംസം ഭുജിക്കാ ത്തവർ മരണശേഷം പശുവായി തീരുമെന്ന് പറയുന്നു. അങ്ങിനെ നോക്കുമ്പോൾ മാംസം ഭക്ഷിച്ചിട്ടേയില്ല എന്ന് അവകാശപ്പെടുന്നവരാണ് ബ്രാഹ്മണർ. ഇത്തരത്തിലാണ് ഇവരുടെ വാദമെങ്കിൽ ഇന്നു കാണുന്ന പശുക്കളുടെ പൂർവ്വികർ ' ബ്രാഹ്മണരായിരിക്കും. ഇനി ഈ പൂർവ്വിക സ്ഥാനം ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറെല്ലെങ്കിൽ, മാംസം ഭക്ഷിച്ചവരായിരുന്നു തങ്ങൾ എന്ന് അംഗീകരിക്കേണ്ട കടമ നിങ്ങൾക്കുണ്ട്. ഇതിനും നിങ്ങൾ തയ്യാറല്ലെങ്കിൽ വരും തലമുറയുടെ ചോദ്യങ്ങൾക്കുമുൻപിൽ മുട്ടുമട ക്കാൻ തയ്യാറെടുക്കുക.

# Didn't you know?

(From the works of Richard Lederor)

English is the most widely spoken language in the history of our planet used in some way by atleast one out of every seven human beings around the globe.

Half of the world's books are written in English; Majority of international telephone calls are made in English. English is the language of over sixty percent of the world's radio programs.

More than seventy percent of international mail is written and addressed in English.

More than eighty percent of all computer text is stored in English.

English has acquired the largest vocabulary of all the world's languages, as many as two million words. It has generated one of the noblest bodies of literature in the annals of the human race.

Nonetheless, it is now time to face the fact that English is a crazy language. In the crazy English language, the black bird hen is brown, black boards can be blue or green, and black berries are green and then red before they are ripe.

To add to the insanity, there is no butter in buttermilk, no egg in eggplant, no grape in grape fruit, neither worms nor wood in wormwood, neither pine nor apple in pineapple, neither peas nor nuts in peanuts, and no ham in a hamburger.

Language is like the air we breathe. It is invisible, inescapable, indispensable, and we take it for granted. But when we take the time, step back, and listen to the sounds that escape from the holes in peoples faces and explore the paradoxes and Vagaries of English, we find that hot dogs can be cold, dark rooms cane be lit, homework can be done in school, nightmares can take place in broad day light, while morning sickness and day dreaming can take place at night, tomboys are girls, midwives can be men, hours- especially happy hours and rush hours can last longer than sixty minutes, quick sand works very slowly, boxing rings are square, silverware can be made of plastic and table clothes of paper, and most telephones are dialled by being punched or pushed and most bathrooms don't have any baths in them.

Sometimes you have to believe that all English speakers should be committed to an asylum for the verbally insane. In what other language do people drive in parkway and park in a drive way? In what other language do people recite at a play and play at a recitel? In what other language do privates eat in the general mess and generals eat in the private mess? In what other language do men get hernias and women get hysterectomies? In what other language can your nose run and your feet smell. How can a slim chance and a fat chance be the same, "What's going on?" and "What's coming off?" be the same, and a bad licking and a good licking be the same, while a wise man and wise guy are opposites? How can the weather be hot as hell one day and cold as hell the next?

Why is that a man with hair on his head has more hair than a man with hairs on his head.

Contributed by: K.M.Ismail

*മധു. പി.*
*മൂന്നാം വർഷം ബി.എ ഇക്കണോമിക്സ്*

# ഇന്ദിരാഗാന്ധി: ഇന്ത്യക്കുവേണ്ടി പൊലിഞ്ഞ ജീവിതം

വീണ്ടും ഒരു ഒക്ടോബർ 31, കൂടി കടന്നു പോയിരിക്കുന്നു. ഇന്ത്യൻ ജനതയെ ദുഃഖത്തിലാഴ്ത്തിയ സംഭവത്തിന്റെ സ്മരണ നിറഞ്ഞ ദിനം. ഇന്ദിരാജി ഭാരത മക്കളെ വിട്ടു പിരിഞ്ഞ ദിനം. നാടെങ്ങും രക്തസാക്ഷിദിനമായി ആചരിച്ചു.

ഇന്ത്യ കണ്ടതിൽ വെച്ചു ഏറ്റവും കരുത്തുറ്റ പ്രധാനമന്ത്രിയായ ശ്രീമതി ഇന്ദിരാഗാന്ധിയെ അതീവ സ്നേഹാദരങ്ങളോടെ ഇന്നും നാം അനുസ്മരിക്കുന്നു. കാലത്തിന്റെ ദലങ്ങൾ ഒന്നൊന്നായി കൊഴിയുമ്പോഴും ഒരു ചെമ്പനീർ പൂവായി ജനഹൃദയങ്ങളിൽ ജീവിക്കാൻ ഒരു ഭരണാധികാരിക്ക് ഒരു രാഷ്ട്രനേതാവിന് കഴിയുക എന്നത് ഒരു അപൂർവ്വ പ്രതിഭാസമാണ്. എന്നാൽ ഇന്ത്യക്കു വേണ്ടി ജീവിക്കുയും ഇന്ത്യക്കുവ്വേണ്ടി ജീവൻ ത്യജിക്കുകയും ചെയ്ത ഇന്ദിരാജിയുടെ കാര്യത്തിൽ ആ അപൂർവ്വ പ്രതിഭാസം ഒരു യാഥാർത്ഥ്യമല്ലേ?

ലോകത്തിലുണ്ടായിട്ടുള്ള ഒരു ഭരണസാരഥിയോടും ഇന്ദിരാജിയെ താരതമ്യപ്പെടുത്തുവാനാവുകയില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ കഷ്ടപ്പാടുകളുടെയും പീഢനങ്ങളിലൂടെയും കടന്നുവന്ന് പിന്നീട് രാഷ്ട്രനേതൃത്വം കൈയാളുകയും, രാജ്യത്തിന്റെ സാരഥിയായിത്തീരുകയും ചെയ്ത ഇന്ദിരാജി എന്നും ഇന്ത്യൻ ജനതയുടെ മനസ്സുകളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രം പോലെയാണ്. "ഉരുക്കു വനിത" യെന്നും "ലോകത്തിലെഏറ്റവും കരുത്തുറ്റ സ്ത്രീ" എന്നുമുള്ള വിശേഷണങ്ങൾ നിലനില്ക്കെതന്നെ ഇന്ദിരാജിയുടെ ഹൃദയത്തിന്റെ കോണിൽ ആർദ്രതയുടെ തെളിനീരുറവ കിനിഞ്ഞിറങ്ങുന്നതു നമുക്കു കണ്ടെത്താനാവും.

1964 ജൂലായ് 2 ന് ലാൽബഹാദൂർ ശാസ്ത്രി മന്ത്രിസഭയിൽ വാർത്താവിതരണ മന്ത്രിയായി ചേർന്ന ഇന്ദിരാജി ഇന്ത്യൻ ജനതയ്ക്ക് താങ്ങും തണലുമായിരുന്നു. ശാസ്ത്രിയുടെ മരണാനന്തരമാണ് 1966 ജനുവരി 24 ന് ഇന്ദിരാജി ഇന്ത്യയുടെ മൂന്നാമത്തെ പ്രധാനമന്ത്രിയായി അവരോധിക്കപ്പെടുന്നത്. ലോകത്തിലെ രണ്ടാമത്തെ വനിതാ പ്രധാനമന്ത്രി.

ജനാധിപത്യത്തിലും സോഷ്യലിസത്തിലും മതേതരത്വത്തിലും ചേരിചേരായ്മയിലും ഉറച്ചു നിന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നയങ്ങളാണ് പിന്തുടർന്നതെങ്കിലും കൂടുതൽ ഊർജ്ജ്വസ്വലവും കർമ്മനിരതവുമായ പ്രയാണമായിരുന്നു ഇന്ദിരാജിയുടെത്. ഇന്ത്യൻ ജനതയുടെ പ്രതീകമായി വിദേശരാജ്യങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടിരുന്ന ദാരിദ്ര്യം എന്ന അടിസ്ഥാനപരമായ പ്രശ്നത്തിന് പരിഹാരം കാണുകയായിരുന്നു ഇന്ദിരാജിയുടെ പ്രഥമ ലക്ഷ്യം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ഇല്ലാതാക്കാൻ സ്വയം പര്യാപ്തയുള്ളതും ചലനാത്മകവുമായ ഒരു സമ്പദ്‌വ്യവസ്ഥ ആവശ്യമാണെന്നതായിരുന്നു ഇന്ദിരാജിയുടെ കാഴ്ചപ്പാട്.

1971-ലെ തിരഞ്ഞെടുപ്പിൽ 'ഗരീബി ഹഠാവോ' (ദാരിദ്ര്യം ദൂരിക്കരിക്കുക) എന്ന മുദ്രാവാക്യം സ്വീകരിച്ച ഇന്ദിരാജി 1975 ജൂലായ് ഒന്നാം തിയ്യതി വിശദമായ ഇരുപതിന സാമ്പത്തിക പരിപാടി പ്രഖ്യാപിച്ചു. പാവപ്പെട്ടവരെയും, ഇടത്തട്ടുകാരെയും, കർഷകരെയും, ഗ്രാമീണരെയും ദുർബ്ബലവിഭാഗങ്ങളെയും, കൈത്തൊഴിലുകാരെയും വിദ്യാർത്ഥികളെയും തൊഴിൽ രഹിതരെയും മറ്റും മുന്നിൽ കണ്ടുകൊണ്ടുള്ള വിപ്ലവകരമായ ഒരു പരിപാടിയായിരുന്നു അത്. ഇതോടൊപ്പം കൃഷി, വ്യവസായം എന്നീ മേഖലയിൽ റെക്കോർഡ് നേട്ടം കൈവരിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചു. നാണ്യപ്പെരുപ്പം കുറഞ്ഞു. സാമ്പത്തിക രംഗം പുരോഗതി പ്രാപിച്ചു.

ശാസ്ത്രരംഗത്തു ഇന്ത്യയ്ക്കുണ്ടായ കുതിച്ചു ചാട്ടം ലോകജനതയെ തന്നെ ആകർഷിക്കാൻ പറ്റി

യതായിരുന്നു. 1984ൽ രാകേശ് ശർമ്മയെ ബഹിരാകാശത്തേക്കയച്ചു. അതുവഴി മനുഷ്യനെ ബഹിരാകാശത്തേക്കയക്കുന്ന ലോകത്തെ നാലാമത്തെ രാഷ്ട്രമായി ഇന്ത്യ അറിയപ്പെട്ടു.

1971 ഡിസംമ്പർ 18 ന് ഇന്ത്യയിലെ പരമോന്നത ബഹുമതിയായ 'ഭാരതരത്ന' രാഷ്ട്രപതി വി. വി. ഗിരി ഇന്ദിരാജിക്കു സമ്മാനിച്ചു.

ദുർബ്ബലവിഭാഗങ്ങളോടും ന്യൂനപക്ഷങ്ങളോടുമുള്ള ഇന്ദിരാജിയുടെ അനുഭാവം പല പരിപാടികളിലൂടെയും കാണുവാൻ പറ്റും. ഇന്ത്യയുടെ മൂന്നാമത്തെ പ്രസിഡണ്ടായി 1967 ൽ ഒരു മുസ്ലീം തിരഞ്ഞെടുക്കപ്പെടുന്നതിൽ ഇന്ദിരാഗാന്ധിക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നു. ഡോ. സക്കീർഹുസൈനായിരുന്നു ആ പ്രസിഡണ്ട്.

1982 ൽ ദില്ലിയിൽ ഇന്ദിരാജി മുൻകൈയ്യെടുത്തു നടത്തിയ ഏഷ്യൻ ഗെയിംസ് ഇന്ത്യയുടെ സ്പോർട്ട്സ് ചരിത്രത്തിലെ ഒരു അവിസ്മരണീയ സംഭവമാണ്. സ്പോർട്ട്സ് ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനമുറപ്പിക്കാൻ ഇത് വഴിയൊരുക്കി.

ജാതിയോ മതമോ സ്ഥാനവലിപ്പമോ സ്ത്രീ–പുരുഷവ്യത്യാസമോ ഒന്നും ഇന്ദിരാജിയെ ബാധിച്ചിരുന്നില്ല. എല്ലാവരേയും ഒന്നായിക്കാണുവൻ ഇന്ദിരാഗാന്ധിക്ക് സാധിച്ചു. മതസഹിഷ്ണുതയും ന്യൂനപക്ഷസംരക്ഷണവും ഒരു പോറലുമേല്ക്കാതെ കാത്തുസൂക്ഷിക്കുന്നതിന് ഇന്ദിരാജിയുടെ കാലഘട്ടത്തിന് കഴിഞ്ഞു.

ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും ഇന്ദിരാജിക്ക് ജീവവായുവായിരുന്നു. അത് നിലനിർത്തുന്നതിനായി ഇന്ദിരാജി അനവരതം പ്രയത്നിച്ചു. അതിനായിത്തന്നെ അവസാനം തന്റെ ജീവിതം നല്കി.

മരിച്ചുകഴിഞ്ഞാലും തന്റെ മൃതശരീരം മറ്റുള്ളവർക്ക് പ്രയോജനപ്പെടണമെന്ന് ഇന്ദിരാജി ആഗ്രഹിച്ചിരുന്നു. തന്റെ കണ്ണുകളും വൃക്കകളും ദാനം ചെയ്യണമെന്നതായിരുന്നു ഇന്ദിരാജിയുടെ തീരുമാനം. എന്നാൽ ഘാതകരുടെ വെടിയുണ്ടകളേറ്റ് ഛിന്നഭിന്നമായ ശരീരത്തിൽ നിന്ന് അവ നീക്കം ചെയ്യാനായില്ല.

ഇന്ത്യക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ഇന്ദിരാജിയെ നിറമിഴികളോടെ നമുക്ക് അനുസ്മരിക്കാം.

ഡോ.ജെ.ബേബി,
മനഃശാസ്ത്ര വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല

# കലാലയ മനഃശാസ്ത്രം


പഠിച്ചകോളേജിനെക്കുറിച്ച് മധുരമൂറുന്ന സ്മരണകളുള്ളവരുണ്ട്. മധ്യതിരുവിതാംകൂറിലുള്ള ഒരു കോളേജിന്റെ പൂർവ്വവിദ്യാർത്ഥി സമ്മേളനം ഒരിക്കൽ എനിക്കു കാണാനിടയായി. വല്ല്യപ്പന്മാരും, വല്ല്യമ്മമാരും മധ്യവയ്സകരും തൈക്കിളവൻമാരും, യൗവ്വനക്കാരുമൊക്കെ തങ്ങളുടെ സമകാലികരൊത്ത് കലാലയസ്മരണകളുണർത്താൻ എല്ലാ ആണ്ടിലും അവിടെ ഒത്തുകൂടുന്നു. അവർ അപ്പോളനുഭവിക്കുന്ന ഊഷ്മളത കണ്ടാൽ ആ കോളേജ് അവരിലുണ്ടാക്കിവിട്ട മനോഹരവും മഹത്തരവുമായ കലാലയജീവിതത്തെക്കുറിച്ച് ആർക്കും മനസ്സിലാക്കാനാവും.

നിങ്ങളുടെ കോളേജിലേക്ക് ദിവസവും നിങ്ങൾ പോകുന്നത് അത്യാഹ്ളാദപ്രദമായ ഒരനുഭവമാണോ? അങ്ങനെയല്ലെങ്കിൽ എന്തൊക്കെയാണതിന്റെ കാരണങ്ങൾ? കലാലയജീവിതം ഏതെല്ലാം പ്രകാരത്തിൽ സന്തോഷപ്രദമാക്കാനാകും? ആലോചിച്ചുണ്ടോ?

ഞാനൊരു മനഃശാസ്ത്ര ഗവേഷണത്തിനു ഡാറ്റ ശേഖരിക്കുവാനായി കേരളത്തില്ലെ ഏതാണ്ട് 47 കോളേജുകളിൽ പോയിട്ടുണ്ട്. വിവിധ കോളേജന്തരീക്ഷങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ആ യാത്രകൾ സഹായിച്ചു. എന്റെ ഗവേഷണ ഉദ്ദേശ്യത്തെക്കുറിച്ചു വിശദമാക്കികൊണ്ട് ഒരു മണിക്കൂർ നീണ്ടുനില്ക്കുന്ന ഒരു മനഃശാസ്ത്ര പരീക്ഷയ്ക്ക് ഏതെങ്കിലും ഒരു ക്ലാസ് അനുവദിച്ചുതരണമെന്ന് പ്രിൻസിപ്പാൾമാർക്ക് ഒരു കത്തയച്ചശേഷമാണ് ഓരോ കോളേജിലും പോയത്. പ്രിൻസിപ്പലിന്റെ മുറിയിൽ ചെന്നിരിക്കുമ്പോൾ തന്നെ ആ കോളേജ് അന്തരീക്ഷത്തെക്കുറിച്ച് ഒരു യഥാർത്ഥ ചിത്രം ലഭിക്കുന്നു. കുഴപ്പം പിടിച്ച കോളേജാണെങ്കിൽ അതിന്റെ ലക്ഷണം പ്രിൻസിപ്പലിന്റെ മുറിയിൽ കഴിച്ചുകൂട്ടുമ്പോൾതന്നെ ഏറെക്കുറെ അറിയാൻ കഴിയും. പ്രിൻസിപ്പലും അദ്ധ്യാപകരും തമ്മിലുള്ള ബന്ധം, അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം, അധികാരികളുടെ വിദ്യാഭ്യാസപരമായ കാഴ്ചപ്പാട്, ഒക്കെ അവിടെയിരുന്നാലറിയാം. നല്ല മനുഷ്യബന്ധങ്ങളാണല്ലോ ഏതൊരു സ്ഥാപനാന്തരീക്ഷത്തെയും സന്തോഷപ്രദമാക്കുന്നത്. അതുവളരെ പെട്ടെന്നുതന്നെ നമുക്കു മനസ്സിലാക്കാനാകും. മിക്ക പ്രിൻസിപ്പലൻമാരും എന്റെ ഗവേഷണത്തിന്റെ പ്രാധാന്യമറിഞ്ഞ് വേണ്ട ഉദവികളെല്ലാം ചെയ്തുതന്നു. എന്നാൽ കേരളത്തിലെ പ്രശസ്തമായ രണ്ടു വനിതാ കോളേജു പ്രിൻസിപ്പൽമാർ മറുപടിയെഴുതി. സോറി, സമയമനുവദിക്കാൻ നിവൃത്തിയില്ല. സ്പെഷ്യൽ ക്ലാസുകൾ നടക്കുകയാണ്. ഒരു മണിക്കൂർ നേരം അവരെ വളരെ പ്രയോജനകരമായ ഒരു സൈക്കോളജിക്കൽ ടെസ്റ്റിനു വിധേയമാക്കിയാൽ വിദ്യാർത്ഥികളുടെ സമയം പാഴാകുമെന്ന് ആ പ്രിൻസിപ്പലൻമാർ വിചാരിക്കുന്നു. കേരള വിദ്യാർത്ഥികളിൽ നടത്തിയ ആ സാമ്പിൾ സർവ്വേ പഠനത്തിൽ ആ കോളേജുകൾ എനിക്ക് ഒഴിച്ചുകൂടാനാവാത്തവയായിരുന്നു. സുപ്രധാനമായ ഗവേഷണങ്ങൾക്കു അവസരമൊരുക്കാൻ ഏതൊരു വിദ്യാഭ്യസസ്ഥാപനത്തിനും ഉത്തരവാദിത്വമില്ലേ? കുട്ടികൾക്കു കുറച്ചുമാർക്ക് ഉണ്ടാക്കികൊടുക്കൽ മാത്രമാണോ ഒരു കോളേജിന്റെ ഉദ്ദേശ്യം.

## പ്രിൻസിപ്പലിന്റെ പങ്ക്

ഒരു കോളേജന്തരീക്ഷം ധന്യമാക്കുന്നതിൽ അതിലെ സകല ചരാചരങ്ങൾക്കും പങ്കുണ്ടെന്നാണ് എൻവയോൺമെന്റൽ സൈക്കോളജി പറയുന്നത്. കോളേജിരിക്കുന്ന സ്ഥലം, കെട്ടിടത്തിന്റെ തച്ചുശാസ്ത്രം., അതിന്റെ കലാത്മകത, കാറ്റും വെളിച്ചവും കടക്കാനുള്ള സാദ്ധ്യത, അവിടുത്തെ വൃക്ഷലതാദികൾ, പൂമരങ്ങൾ, പൂന്തോട്ടങ്ങൾ, ഭിത്തികളിലെ ചിത്രങ്ങൾ, പരിസരമതിലുകൾ, അകത്തും പുറത്തും പ്രതിഷ്ഠിച്ചിരിക്കുന്ന പ്രതികമകൾ. ഇവയ്ക്കെല്ലാം കോളേജന്തരീക്ഷത്തിലുള്ള മനുഷ്യമനസ്സുകളിൽ പെരുമാറ്റങ്ങളിൽ വലിയ പ്രേരണ ചെലുത്താനാവും. ഏറ്റവും വലിയ സ്വാധീനമുള്ളത് ആ അന്തരീക്ഷത്തിലെ മനുഷ്യസാന്നിദ്ധ്യമാണ്. ചുറ്റുമുള്ള മനുഷ്യർ ഓരോ മനസ്സിലം പ്രേരണകൾ ചെലുത്തുന്നു. അതിലേറ്റവും പ്രധാനപ്പെട്ട വ്യക്തി പ്രിൻസിപ്പൽആണ്. ശരീരത്തിലെ മുഴുവൻ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന




മസ്തിഷ്കം ഇരിക്കുന്നത് തലയിലാണല്ലോ. അതിനാൽ തലവന് വലിയ പ്രാധാന്യം തന്നെയുണ്ട്. നല്ല ജന്മനാ എത്ര നല്ലതാണെങ്കിലും അതു സഫലമായി പ്രവർത്തിക്കുവാൻ പ്രധാന ശരീരഭാഗങ്ങളുടെ സഹായവുമാവശ്യമാണ്. ഡിപ്പാർട്ട്മെന്റ് തലവർ, നേതാക്കൻമാർ, തുടങ്ങിയ പ്രധാന അദ്ധ്യാപക അവയവങ്ങളെല്ലാം നിരന്തരമായി തലവനു ഫലവത്തായി പ്രവർത്തിക്കുവാൻ പിൻബലം നൽകിക്കൊണ്ടിരിക്കണം. മാനവികതയും മാനേജുമെന്റിൽ ജന്മസിദ്ധിയുമുള്ളയാളാണ് പ്രിൻസിപ്പലെങ്കിൽ അതായിരിക്കും ഏറ്റവും വലിയ അനുഗ്രഹം. അദ്ദേഹത്തിനു വിദ്യാസത്തെക്കുറിച്ചു നല്ല ഉൾക്കാഴ്ചയുണ്ടായിരിക്കും. ഓരോ വിദ്യാർത്ഥിയെയും ഓരോ അദ്ധ്യാപകന്റെയും വൈജ്ഞാനികവും വ്യക്തിഗതവുമായ പുരോഗതിയായിരിക്കും. അദ്ദേഹം ലക്ഷ്യമാക്കുന്നത്. അതുപോലെ സ്വന്തം മനോവികാസവും. അങ്ങിനെയുള്ള ഒരാൾക്ക് അധികാരദുർമോഹമുണ്ടാവില്ല. വി.സി.യാകാൻ രാഷ്ട്രീയക്കാരന്റെ വാലിൽ തൂങ്ങി നടക്കില്ല. പ്രിൻസിപ്പൽ തെരഞ്ഞെടുപ്പിനു സീനിയോറിറ്റി മാത്രം മാനദണ്ഡമായിക്കൂടാ.

എന്റെ പ്രൊഫഷണൽ ജീവിതത്തിലും വ്യക്തിജീവിതത്തിലും വളരെയേറെ സ്വാധീനം ചെലുത്തിയത് ഞാൻ പഠിച്ച കോളേജിലെ പ്രിൻസിപ്പലാണ്. യശ്ശഃശരീരനായ പ്രൊഫ. എം.പി. മന്മഥൻ.

## പഠനാന്തരീക്ഷം

ഒരു ക്യാമ്പസിൽ കാലുകുത്തുമ്പോൾ തന്നെ പഠനാന്തരീക്ഷം അനുഭവവേദ്യമാകണം. ക്ലാസുകളെപ്പോലെ തന്നെ ഒരു പക്ഷേ, അതിലേറെയോ പഠനാന്തരീക്ഷമുണ്ടാക്കുന്നത് ലൈബ്രറികളാണ്. കാലാകാലങ്ങളായി മനുഷ്യ പ്രതിഭകൾ സമാഹരിച്ച അറിവുകളുടെ ഒരു വൻ സംഭരണിയാണ് ലൈബ്രറികൾ. മൺമറഞ്ഞവരും വിദൂരതയിൽ കഴിയുന്നവരുമായ മഹാപ്രതിഭകളുമായി സംവദിക്കാനുള്ള അവസരമാണു ലൈബ്രറികൾ നൽകുന്നത്. ഈ ലൈബ്രറികളുടെ വികസനം ഏതൊരു കോളേജിന്റെയും പ്രധാന ലക്ഷ്യമായിരിക്കണം. നമ്മുടെ മിക്ക കോളേജുകളിലെയും ലൈബ്രറികളുടെ പ്രവർത്തനം ഫലപ്രദമല്ല. ബുക്കുകൾ പൂട്ടിക്കെട്ടി വെച്ചിരിക്കുന്നു. ലൈബ്രേറിയൻമാർ വെറും സ്റ്റോർകീപ്പർമാരെപ്പോലെ പ്രവർത്തിക്കേണ്ടിവരുന്നു. ഇൻഫർമേഷൻ സയൻസിൽ അവർ നേടിയ അറിവു പ്രയോഗിക്കാനവർക്കവസരമില്ല. ലൈബ്രറികൾ ഓപ്പൺ സിസ്റ്റത്തിലാക്കണം. റഫറൻസ് ഫലവത്താകാൻ സിറോക്സ് സംവിധാനുണ്ടായിരിക്കണം. ക്ലാസുകളെപ്പോലെതന്നെ ലൈബ്രറിവർക്കും

നിർബന്ധമാക്കണം. സ്വയം പഠനത്തിനുള്ള വിദ്യാർത്ഥിയുടെ കഴിവ് വികസിപ്പിക്കണം.

നമ്മുടെ കോളേജുകളുടെ മറ്റൊരു പരിതാപകരമായ അവസ്ഥ ഗവേഷണത്തിനുവേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്നതാണ്. തന്മൂലം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിലെ ഗവേഷണബിരുദധാരികൾ വളരെ വളരെ കുറവാണ്. സാക്ഷരകേരളം പൈങ്കിളിവായനയിൽ മുങ്ങിപ്പോയി. നമ്മുടെ സർക്കാരുകൾക്കും ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും യൂണിവേഴ്സിറ്റികളെക്കുറിച്ചും വിലക്ഷണ സങ്കല്പങ്ങളാന്നുള്ളതെന്ന കാര്യം പ്രസിദ്ധമാണല്ലോ.

കാലഹരണപ്പെട്ട സിലബസ്സുകൾ കോഴ്സുകൾ അദ്ധ്യയന രീതികളൊക്കയാണ് കോളേജിലിന്നും തുടരുന്നത്. യു.ജി.സി. പാക്കേജ് ശമ്പളവർദ്ധനവുമാത്രമായാണ് അദ്ധ്യാപക സംഘടനകൾ കരുതുന്നത്.

## അദ്ധ്യാപകർ

മറ്റുള്ളവരിൽ അറിവുപകർന്നു വ്യക്തിത്വവികാസം വരുത്തുന്ന ജോലിയാണല്ലോ അദ്ധ്യാപകന്റേയും സ്വന്തം വ്യക്തിത്വവികാസത്തിനു പരിശ്രമിക്കുന്നവർക്കേ അതു സാദ്ധ്യമാകൂ എന്ന് മനഃശാസ്ത്രം പറയുന്നു. വ്യക്തിത്വവികാസത്തിന്റെ ആദ്യപടി ആത്മപരിശോധനയാണ്. സ്വന്തം മനസ്സാണ് മറ്റു മനസ്സുകളെ വിലയിരുത്താനുള്ള ഏക ഉപകരണം. ഈ ഉപകരണത്തെ തുടച്ചുവൃത്തിയാക്കി സൂക്ഷിക്കേണ്ടത് വിദ്യാഭ്യാസ പ്രവർത്തകന്റെ പ്രധാന പണിയാണ്. നല്ല അറിവുള്ളവരാണല്ലോ അദ്ധ്യാപക പരീക്ഷ പാസ്സായി അദ്ധ്യാപകരാകുന്നത്. പിന്നെ ആത്മാർത്ഥത കൂടി ഉണ്ടായാൽ വെരിഗുഡ്, അദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണഗണങ്ങൾ ഗവേഷണ വിധേയമായിട്ടുണ്ട്. നാടൻ ഭാഷയിൽ സംഗ്രഹിക്കാം. മറ്റുള്ളവനെ വെറുപ്പിക്കാത്തവനും സ്വയം വെറുക്കാത്തവനുമാണ് ഉയർന്ന വ്യക്തിത്വമുള്ളവൻ. മറ്റുള്ളവരെ സന്തോഷിപ്പിച്ചില്ലെങ്കിലും കുഴപ്പമില്ല. അതിനു സാധിച്ചാൽ കൂടുതൽ നല്ലത്. ചില അദ്ധ്യാപകർ വലിയ വിജ്ഞാനഭണ്ഡാകാരങ്ങളായി വിദ്യാർത്ഥികളിൽനിന്നകന്ന് വിദ്യാർത്ഥികളോടു പോലീസ് മുറയും സ്വീകരിച്ചു കഴിയുന്നു. ഇത് ഇരുകൂട്ടർക്കും പ്രയോജനകരമല്ല. അറിവിന്റെ ലക്ഷണം എളിമയാണ്. അതു വേഷത്തിലല്ല, മനസ്സിലാണുണ്ടാകേണ്ടത്.

പക്വതയുള്ള എട്ടുപത്ത് അദ്ധ്യാപകരുള്ള ഏതൊരു കോളേജും ആ പ്രദേശത്ത് അത്തരക്കാർ കൂടുതലുണ്ടെങ്കിൽ കൂടുതൽ പ്രകാശം പരക്കും. അവരുടെ വിദ്യാർത്ഥികൾക്ക് ധന്യജീവിതമാർഗ്ഗം അനായാസമാണ്. അഴിമതിയുടെ കൂത്തരങ്ങായിരിക്കുന്ന തൊഴിൽ രംഗത്ത് ഇപ്പോഴും മേന്മ നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു തൊഴിലാണ്. അദ്ധ്യാപനം എന്ന സാമൂഹ്യ ചിന്തകൾ ചിലപ്പോഴൊക്കെ പറഞ്ഞതായി കേൾക്കുന്നു. സന്തോഷം.

## വിദ്യാഭ്യാസം എന്തിന്?

നമ്മുടെ വിദ്യാഭ്യാസലക്ഷ്യം, കോഴ്സുകൾ, സിലബസ്സുകൾ അദ്ധ്യയനരീതി, പരീക്ഷാരീതി, ഇവയൊക്കെ മിക്കപ്പോഴും വ്യക്തിത്വവികാസത്തിനു പറ്റിയതാണോ എന്നു അടുത്തകാലത്ത് രാജവ്യാപകമായി ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. ഈ സിലബസ്സും പഠിപ്പിക്കലും തുടർന്നാൽ എത്ര വിദഗ്ദനായ അദ്ധ്യാപകനും, 'വെറുപ്പിക്കൽ'ക്കാരനായിത്തീരും. പല അദ്ധ്യാപകരും വിചാരിക്കുന്നത് വിദ്യാഭ്യാസം എന്നത് തങ്ങൾക്കറിയാവുന്ന കുറെ വിജ്ഞാനം കുട്ടികളുടെ തലയിൽ കയറ്റി വയ്ക്കലാണെന്നാണ് അതിനാലവർ ഒരു പാഠ്യേതര പരിപാടിക്കും കുട്ടികളെ പ്രോത്സാഹിപ്പിക്കാറില്ല. ഞാൻ പറയുന്നതു കേട്ടും, നോട്ടെഴുതിയും, വായിച്ചും, പരീക്ഷയ്ക്കു മുട്ടൻമാർക്കു വാങ്ങിയാൽ മാത്രം മതി എന്നാണവരുടെ വിചാരം. ഭീമമായ മാർക്കുകൾ വാങ്ങുന്ന പലകുട്ടികളും തങ്ങളുടെ വ്യക്തിത്വത്തിന്റെ ഏതെല്ലാം ഘടകങ്ങളെ വികസിപ്പാക്കാതെ ഹോമിച്ചുകളഞ്ഞുകാണും! പരീക്ഷാഭയം അവരിൽ ആധി എന്ന ന്യൂറോസിസ് (ലഘുമനോരോഗം) ഉണ്ടാക്കിയിരികും. പല രോഗങ്ങൾക്കും കാരണമായ മനോസമ്മർദ്ദം അവരിൽ ശീലമായിരിക്കും. മാർക്കും വാങ്ങി ഉദ്യോഗവും വാങ്ങി സർവ്വീസിലിരിക്കെ തന്നെ ചരമമടയാൻ (ഹാർട്ടറ്റാക്ക്) ഈ മാർക്കുമാനിയ കാരണമാകുന്നില്ല എന്നെങ്ങനെ പറയാനാകും? ജപ്പാനിൽ കുട്ടികളിൽ ഏറ്റവും വലിയ ആത്മഹത്യാകാരണം പരീക്ഷാഫലമാണെന്നു കേൾക്കുന്നു. നമ്മുടെ നാട്ടിലും ഇന്നിത് അത്ര നിസ്സാരപ്രശ്നമല്ല. സാധുകുട്ടികളെ അവർക്കിഷ്ടമില്ലാത്തത് അവർക്കു കഴിയാത്ത് നിർബന്ധിച്ചു പഠിപ്പിച്ചു പരാജയപ്പെടുത്തി ആത്മഹത്യക്കു പ്രേരിപ്പിക്കുന്ന ഈ പണി അന്തസ്സുള്ള സമൂഹത്തിനു ചേർന്നതാണോ എന്ന ചിന്ത ലോകവ്യാപകമായിട്ടുണ്ട്. ഒരുത്തനു കണക്കു ചെയ്യാൻ കഴിയാത്തത് മസ്തിഷ്കത്തിൽ ചില ഘടകങ്ങൾ വികാസം പ്രാപിക്കാഞ്ഞിട്ടാണ്. പോഷണക്കുറവും അതിനുകാരണമാണ്. കണക്കറിയാൻ വയ്യാത്തകുട്ടിയെ തല്ലുന്ന സ്കൂളദ്ധ്യാപകനെ അറസ്റ്റു ചെയ്തു കസ്റ്റഡിയിലെടുത്തിട്ട് എന്റെ ഈ ലേഖനം വായിച്ചുകേൾപ്പിച്ച് വിട്ടേക്കുക.

അറിവുശേഖരണംപോലെതന്നെ കിട്ടിയ അറിവ് മറ്റുള്ളവർക്കു പകരാനുള്ള കഴിവിനും മാർക്കുവേണം. അതിനാൽ പരീക്ഷയെഴുത്തു കുറച്ചിട്ട് വർക്ക്ഷോപ്പ്, സെമിനാർ തുടങ്ങിയ വിലയിരുത്തൽ രീതികളാണ് പല രാജ്യങ്ങളിലും നടത്തപ്പെടുന്നത്. ഒരു വ്യക്തിയിൽ എത്രമാത്രം നന്മ വളർത്താനായി എന്നതായിരിക്കണം. വിദ്യാഭ്യാസ ലക്ഷ്യം. സമൂഹത്തിലെ ഇതരവ്യക്തികളോടു സമഭാവനയോടെ വർത്തിക്കുന്നതിനുപകരം മത്സരബുദ്ധി

വളർത്തുന്ന അദ്ധ്യയനപരീക്ഷാരീതികൾ പരിഷ്കരിക്കാതെ നമുക്ക് കലാലയങ്ങളെ എങ്ങനെ സന്തോഷപ്രദമാക്കാൻ കഴിയും? പരീക്ഷാസമ്പ്രദായം വലിയൊരു മാനവിക പ്രശ്നമായി വളർന്നിരിക്കുന്നു. കലാലയത്തിലും വീട്ടിലും ഒരുപോലെ പീഡിപ്പിക്കപ്പെടുന്ന കുട്ടികളെ സ്വാതന്ത്ര്യരാജ്യത്തിലെ പൗരന്മാരെന്നു വിളിക്കാമോ? ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയെങ്കിലും നമ്മുടെ സ്കൂൾ -കോളേജു വിദ്യാർത്ഥികളിൽ ഒരു വിഭാഗത്തിനു ഇനിയും സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. നഴ്സറികളിലെ കുറെ കുരുന്നുകളുടെ കാര്യമാണ് ഏറെ കഷ്ടം.


## അച്ചടക്കം

രണ്ടുദിവസംമുമ്പ് ഞാനൊരു കോളേജിൽ പ്രസംഗിക്കാൻ പോയി. കോളേജ് മാനേജ്മെന്റിന്റെ മതത്തിൽ പെട്ട കുട്ടികൾക്കായി രണ്ടു ദിവസത്തെ ധ്യാനം. അതിൽ പെടാത്ത മറ്റുമതക്കാർക്കായി മറ്റൊരു ഹാളിൽ സർവ്വമതഭക്തിഗാനം, വ്യക്തിത്വവികസനം, യോഗ-ധ്യാന-പ്രകൃതി ജീവന പരിസ്ഥിതി പ്രഭാഷണ പരിപാടികളാണ്. അതിനാണ് ഞാൻ ക്ഷണിക്കപ്പെട്ടത്. വലിയ ഹാളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അന്യോന്യം കാണാൻ ബുദ്ധിമുട്ടുള്ള തരത്തിൽ മധ്യത്തിലൂടെ ഒരു മറ, (ഇതിനുവേണ്ടി ഉണ്ടാക്കിയതല്ല) ഉഗ്രൻ മൈക്കു വെച്ചുള്ള പാട്ടും പ്രഭാഷണങ്ങളുമാണ്. കാലത്തും വൈകീട്ടും ഹാജരെടുക്കും. ഇടയ്ക്കുള്ള സമയത്തു ജനം വളരെ കുറവാണ്. ഹാളിനകത്തെ എക്കോ അസഹനീയവും ഭ്രാന്തുപിടിപ്പിക്കുന്നതുമായിരുന്നു. കോളേജു പരിസരത്തെ മനോഹരമായ മരച്ചുവട്ടിലേക്കു വേദി മാറ്റാനാകുമോ എന്നു ഞാനന്വേഷിച്ചു. അധികാരികൾ അനുവദിക്കില്ലപോലും. ഡിസിപ്ലിൻ നിലനിർത്താൻ ബുദ്ധിമുട്ടാകുമെന്ന്, കുട്ടികളിൽ ഒരു വിഭാഗം ഇഷ്ടമില്ലാത്ത പ്രഭാഷകരെ അപസ്വരങ്ങൾ കൊണ്ട് ഇരുത്തുന്നു. മറ്റൊരു വിഭാഗം തികഞ്ഞ അച്ചടക്കകാരാണ്. ഒരു തമാശകേട്ടാൽ ഉള്ളുതുറന്നു ചിരിക്കാൻ പോലും ഭയമുള്ളവർ. അച്ചടക്കം അവരുടെ സ്വാഭാവിക വികാര പ്രകടനങ്ങളെയെല്ലാം തളർത്തിയിരിക്കുന്നു. ഇത്തരം അനവധി മുഖങ്ങൾ ഞാൻ മനോരോഗാശുപത്രിയിൽ കണ്ടിട്ടുണ്ട്. അച്ചടക്കമുണ്ടാക്കാൻ അധികാരികൾ അവലംബിക്കുന്ന മാർഗങ്ങൾ തീരെ വികലമാണ്.

അടിച്ചേല്പിക്കപ്പെടുന്ന അച്ചടക്കം ഇന്നല്ലെങ്കിൽ നാളെ പത്തിവിടർത്തും. അതു വീട്ടിലായാലും തഥൈവ. ശിക്ഷകൊണ്ട് ഒരിക്കലും അച്ചടക്കമുണ്ടാകില്ല. ശിക്ഷിക്കുന്നവന്റെ അക്രമാസക്തി താത്കാലികമായി അടങ്ങുമെന്നുമാത്രം. ഇതു കുട്ടികളെ സംബന്ധിച്ചുമാത്രമല്ല, പട്ടികളെ സംബന്ധിച്ചും ബാധകമാണ്. പോലീസ് നായ്ക്കളെയും സർക്കസ് മൃഗങ്ങളെയും പരിശീലിപ്പിക്കുന്നിടത്ത് ഒരിക്കലും ശിക്ഷ നൽകാറില്ല. അനുകൂല പെരുമാറ്റങ്ങൾക്ക് ഇഷ്ടഭക്ഷണം എന്ന അഭിനന്ദനമേ നൽകാറുള്ളൂ. വിശേഷിച്ചും ചെറിയ നായ്ക്കളെ അടിക്കുകയും, കെട്ടിയിടുകയും ചെയ്താൽ ജീവിതകാലം മുഴുവൻ അവ കടിയൻമാരായി മാറും. മിക്കവർക്കും കടിക്കുന്ന നായയാണല്ലോ ആവശ്യം. മനുഷ്യൻ അക്രമാസക്തനാകുന്നതിന്റെ മനഃശാസ്ത്രത്തിനു വേറെ ഉദാഹരണം വേണോ? കോളേജുകളിലെ കൊലപാതകങ്ങൾക്കു പിന്നിൽ വീട്ടിലും വിദ്യാലയത്തിലും നടത്തപ്പെടുന്ന ഈ 'കടിയൻ നായ' പരിശീലന പരിപാടികളല്ലേ? സ്നേഹവും പരിഗണനയും അംഗീകാരവും ലഭിക്കുന്നവരിൽ ഒരിക്കലും അക്രമാസക്തി വളരുകയില്ല. വിവേകമുള്ളവർക്കൊക്കെ മനഃശാസ്ത്രമൊന്നും പഠിക്കാതെ തന്നെ അറിയാവുന്ന കാര്യമാണിത്.

തുടക്കത്തിൽ ഞാൻ പറഞ്ഞ ഗവേഷണത്തിനായി തിരുവനന്തപുരത്തെ ഒരു കുപ്രസിദ്ധ കോളേജിൽ ചെന്നു. പ്രിൻസിപ്പലുമായി സംസാരിക്കവെ, വിലപിടിപ്പുള്ള ഈ മനഃശാസ്ത്രജ്ഞരുടെ ടെക്സ്റ്റുകൾ ക്ലാസിൽ വിതരണം ചെയ്യേണ്ട. ചെയ്താൽ കുട്ടികൾ ഇസ്കും പോലും. രണ്ട് അദ്ധ്യാപകരെ സെക്യൂരിറ്റി നിർത്തി ഉത്തരങ്ങൾ എഴുതിച്ചു വാങ്ങാമെന്നായി പ്രിൻസിപ്പൽ. പക്ഷെ മനഃശാസ്ത്രപരീക്ഷയുടെ രീതി അതല്ലല്ലോ. ഏതായാലും ഒന്നു ശ്രമിച്ചുനോക്കട്ടെ എന്നു ഭയം പുറത്തറിയിക്കാതെ ഞാൻ പറഞ്ഞു. എനിക്കനുവദിച്ച ക്ലാസിൽ ഭീകര പ്രവർത്തകർ വരെയുണ്ടെന്നു പ്രിൻസിപ്പൽ മുന്നറിയിപ്പു നൽകി. ഏതായാലും ഞാൻ എന്റെ പരിപാടി അവർക്കു വിശദീകരിച്ചു. അവർ വലിയ താല്പര്യം കാണിച്ചു. വളരെ വിജയപ്രദമായി അവരിൽ ടെസ്റ്റിംഗ് നടത്തിയതും ആ വിദ്യാർത്ഥികളിൽ പലരും വളരെ സൗഹൃദത്തോടെ എന്നെ ബസ്റ്റാന്റ് വരെ അനുഗമിച്ചതും ഇന്നും എനിക്ക് ഊഷ്മളമായ ഒരോർമ്മയാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുമായി പരിചയമില്ലാത്ത ദൂരസ്ഥലത്തുപോയി എൻ.എസ്.എസ്. ദശദിന ക്യാമ്പു നടത്തിയ അനുഭവങ്ങളും മനുഷ്യരിലുള്ള വിശ്വാസം ഉറപ്പിക്കാൻ എനിക്കു സഹായകമായിട്ടുണ്ട്. ഒരിക്കലല്ല ഏഴുപ്രാവശ്യം. സ്ഥലവാസികളും ക്യാമ്പിൽ സഹകരിക്കുന്നു. ആരും ആരെക്കുറിച്ചും പരാതിപറയരുതെന്നതാണ് ക്യാമ്പിലെ പ്രധാനനിയമം. ആത്മവിമർശനം ആകാം. "ക്യാമ്പിന്റെ വിജയത്തിന് എന്റെ സംഭാവന പൂർണ്ണമായോ" എന്നു മാത്രം ഓരോരുത്തരും ചിന്തിക്കുന്നു. ഉദാത്തമായ മനുഷ്യസമ്പർക്കത്തിൽനിന്നു ലഭിക്കുന്നത്ര ആനന്ദം നശ്വരരായ നമുക്ക് മറ്റെന്തിൽനിന്ന് കിട്ടും. ഈ ക്യാമ്പുകളിലൊന്നിലും ഒരൊറ്റ അച്ചടക്ക പ്രശ്നംപോലുമുണ്ടായിട്ടില്ല. ഇത്തരം അനുഭവങ്ങൾ വിവരിക്കുന്ന അനേകം അദ്ധ്യാപകരെ എനിക്കു പരിചയമുണ്ട്. അവരുടെ കോളേജുക



ളിലെ പ്രശ്നപരിഹാരങ്ങൾക്ക് അധികാരികൾ അവരുടെ സഹായം തേടാറുണ്ട്. സമൂഹവുമായി ബന്ധപ്പെട്ടുള്ള സേവന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസത്തിനുപകരിക്കുന്നവിധത്തിൽ വളരെ വിജയപ്രദമായി നമ്മുടെ മിക് കോളേജുകളിലും നടത്തപ്പെടുന്നുണ്ട്. എന്നാൽ അതെന്താണെന്ന് ഒരിക്കൽപോലും അതിൽ പങ്കെടുത്തിട്ടില്ലാത്ത ഒരദ്ധ്യാപകനോ വിദ്യാർത്ഥിക്കോ ഒരിക്കലും മനസ്സിലാകാൻ പോകുന്നില്ല. അത്തരക്കാരായ അദ്ധ്യാപകനും വിദ്യാർത്ഥിയും സമൂഹത്തിന് ഒരു ബാദ്ധ്യത മാത്രമാകുന്നു.

## കലാലയ രാഷ്ട്രീയം

ഇതു നിരോധനത്തിലും അപ്പീലിലും നിലകൊള്ളുകയാണല്ലോ. കക്ഷിരാഷ്ട്രീയം പണ്ടത്തെ ജാതിവ്യവസ്ഥയ്ക്കു തുല്യമായ സംഗതിയാണ്. ജാതിയും മതവും രാഷ്ട്രീയവുമെല്ലാം സോഷ്യൽ ഗ്രൂപ്പുകളാണ്. എന്തെങ്കിലും തരത്തിലുള്ള വർഗ്ഗീകരണം മനുഷ്യമനസ്സിന്റെ അടിസ്ഥാന സ്വഭാവമാണ്. എല്ലാവരും ഒരേ മതക്കാരായിട്ടുള്ള ഒരേ ജാതിക്കാരായിട്ടുള്ള ഒരേ പാർട്ടിക്കാരായിട്ടുള്ള ഒരു രാജ്യം. അറുബോറായിരിക്കുമെന്നോർക്കുക. വൈവിധ്യമാണു സൗന്ദര്യം. അതിനാൽ ജാതിയേതായാലും, പാർട്ടിയേതായാലും മനുഷ്യൻ നന്നായാൽമതി എന്നാണെന്റെ അഭിപ്രായം. കലാലയ രാഷ്ട്രീയം അക്രമാസക്തമാകുന്നതു രാഷ്ട്രീയത്തിന്റെ കുഴപ്പം കൊണ്ടല്ല. കലാലയ രാഷ്ട്രീയം നിരോധിക്കാതിരുന്നെങ്കിലേ രാഷ്ട്രീയക്കാരുടെ തട്ടിപ്പും വെട്ടിപ്പും തിരിച്ചറിയാൻ വിദ്യാർത്ഥികൾക്കവസരം ലഭിക്കൂ. ലോകത്തിലെ പ്രശ്നങ്ങളെക്കുറിച്ചു ശ്രദ്ധേയമായ കാഴ്ച്ചപ്പാടുകൾ അവതരിപ്പിച്ച തോമസ്സ് സാസ് എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നു; ആശയങ്ങളിലെ വൈരുദ്ധ്യങ്ങളല്ല യഥാർത്ഥ പ്രശ്നം. അധികാരശക്തി മുഴുവൻ കൈവശത്താക്കി അതില്ലാത്തവനെ അമർത്തിവയ്ക്കുക എന്നതാണ് യഥാർത്ഥ പ്രശ്നം. ഇതിനെ രാഷ്ട്രീയ പ്രവർത്തനം കൊണ്ടേ നേരിടാനാവു ശാസ്ത്രജ്ഞരും രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെടണമെന്നദ്ദേഹം ആഹ്വാനം ചെയ്യുന്നു.

നമ്മുടെ നാട്ടിൽ മന്ത്രിമാരേയും മറ്റധികാരികളെയും നിരന്തരം കളിയാക്കുന്ന കാർട്ടൂണുകളും പ്രസിദ്ധീകരണങ്ങളും വായിച്ചു രസിച്ചു നിഷ്ക്രിയരായിരിക്കുകയാണ്. നല്ലവരായ നാട്ടുകാരിൽ മിക്കവരും. ഫലമോ, ക്രിമിനൽസ് നാടു ഭരിക്കുന്നു. ഇതിനൊരറുതിവരുത്താൻ കലാലയ രാഷ്ട്രീയം സംശുദ്ധമാക്കാനുള്ള പരിപാടികളാണ് ആദ്യം ആലോചിക്കേണ്ടത്. ഡെമോക്രസി എത്ര തറയാണെങ്കിലും അതു സേച്ഛാധിപത്യത്തേക്കാൾ എപ്പോഴും മെച്ചമായിരിക്കും. തീർച്ച. എന്നാൽ ഇന്നത്തെ ജനാധിപ

ത്യത്തിനകത്തെ സ്വേച്ഛാധിപത്യമാണ് നമ്മുടെ രാഷ്ട്രീയ പ്രശ്നങ്ങളെ ഇത്ര തറയാക്കുന്നത്. എത്ര നാളായി ഓരോ ബോറൻമാരെ നമ്മൾ സഹിക്കുന്നു. കാര്യമായ ഒരു മാറ്റ വുമില്ലാതെ, ഒരു പുരോഗതിയുമില്ലാതെ.

## കലയില്ലാത്ത കലാലയങ്ങൾ

നമ്മുടെ സർവ്വകലാശാലകൾ സംഗീതം, ചിത്രകല, സിനിമ തുടങ്ങിയ സാക്ഷാൽ കലകൾക്ക് യാതൊരു പരിഗണനയും നൽകുന്നില്ല. തവളയുടെ പചനവ്യൂഹവും, പാറ്റായുടെ പ്രത്യുല്പാദന ക്രിയയും, പോളിമർ കെമിസ്ട്രിയുമൊക്കെയാണ് നമ്മുടെ യൂണിവേഴ്സിറ്റികളുടെ ദൃഷ്ടിയിൽ 'സർവ്വകല'. വടക്കേ ഇന്ത്യൻ യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ ചിത്രകലയും സംഗീതത്തിനുമൊക്കെ ബൃഹത്തായ ഡിപ്പാർട്ടുമെന്റുകളുണ്ട്. ഏതായാലും യുവജനോത്സവം എന്ന പ്രസ്ഥാനം നമ്മുടെ നാട്ടിൽ കലയും സംസ്കാരവും ഉണ്ട് എന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ഭാഗ്യം, എല്ലാ കോളേജുകളിലും അധികാരികളുടെ സഹായത്തോടെ വിദ്യാർത്ഥകളുടെയെല്ലാം കലാഭിരുചികൾ വളർത്താനുള്ള സംവിധാനം ഏർപ്പാടാക്കേണ്ടതാണ്. ഓരോ പ്രദേശത്തിന്റെയും ഒരുജ്ജ്വല സാംസ്കാരിക കലവറ കൂടിയായിരിക്കണം ഓരോ കോളേജും.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒരിക്കൽ പ്രശസ്ത ചിത്രകാരൻ പ്രസംഗിക്കവെ, ഇതൊരു യൂണിവേഴ്സിറ്റിയാണോ എന്നു ചോദിക്കുകയുണ്ടായി. നമ്മുടെ നാടിന്റെ വാസ്തുശില്പം, കല, സംസ്കാരം ഇവയുമായി ബന്ധപ്പെട്ട എന്തെങ്കിലുമിവിടെയുണ്ടോ എന്നദ്ദേഹം ചോദിച്ചു. പ്രയോജനരഹിതമായ പല കെട്ടിടങ്ങളും അവയുടെ അണിയറ ശില്പികളുടെ വൈകൃതങ്ങളാണ് വെളിവാക്കുന്നത്. ആർട്ടിസ്റ്റിനെ കൺസൾട്ടു ചെയ്യാത്തതിന്റെ കുഴപ്പമാണിത്.

## ക്യാമ്പസ്- പ്രേമം , കാമം, ക്രോധം


കലാലയ മനഃശാസ്ത്രത്തിൽ ഈ വിഷയം അതിപ്രധാനമാണ്. കൊമേഴ്സ്യൽ സിനിമകൾ നമ്മുടെ കോളേജുകളെ ചിത്രീകരിക്കുമ്പോഴെല്ലാം ക്യാമ്പസ്സുകളിലെ മൂരിശൃംഗാരത്തിനും അതോടു ബന്ധപ്പെട്ട ഗുണ്ടായിസത്തിനും മാത്രമേ പ്രാധാന്യം നൽകാറുള്ളൂ. അത്തരം പെരുമാറ്റങ്ങൾ ഒരനിവാര്യതയാക്കിയതിൽ ഈ തറ സിനിമകൾക്കു വലിയ പങ്കുണ്ട്.

ജീവിതത്തിലെ അതി പ്രധാനമായ ഒരു സംഗതിയാണു ലൈംഗികത. അതു വികൃതമായാൽ പിന്നെ സംസ്കാരവും സാമൂഹിക ജീവിതവും വ്യക്തിജീവിതവും തകരും. ജൈവവാസനകളുടെ മൃഗീയ പ്രകടനമല്ല സംസ്കാരം. നിയന്ത്രിത പ്രകടമാണത്. കലകൾക്കും സാഹിത്യത്തിനും പിന്നിൽ അവയ്ക്കു ഗതീയമായി പ്രവർത്തിക്കുന്നത് ലൈംഗികതയുടെ ഉദാത്തീകൃതഭാവമാണെന്നു മനഃശാസ്ത്രമതം. പ്രേമത്തെ ഉദാത്തവും ദിവ്യവുമായി പല സംസ്കാരങ്ങളും എണ്ണുന്നു. സാഹിത്യത്തിലും കലയിലും അങ്ങനെ തന്നെ അവതരിപ്പിക്കപ്പെടുന്നു. അതു ക്ലാസിൽ പഠിക്കുന്ന ഒരു പാവം പയ്യൻ കണ്ടുമുട്ടുന്ന ഒരു പെണ്ണിനെ പ്രേമിച്ചുതുടങ്ങിയാൽ പിന്നെ പ്രശ്നങ്ങളായി. (ശമുദായം കൊയേം....?) ജാതി, മതം, അടി, പിടി ആത്മഹത്യ. കാമത്തിന്റെയും അക്രമാസക്തിയുടെയും തലച്ചോറിലെ കണ്ട്രോളാപ്പീസുകൾ തമ്മിൽ എന്തോ ബന്ധമുള്ളതായി ശാസ്ത്രം പറയുന്നു. കോളേജുകളിലെ മിക്ക അടിപിടിക്കും പിന്നിൽ അല്പം പെൺപ്രശ്നം ഒളിച്ചിരിക്കാറുണ്ട് എന്ന രഹസ്യം തലച്ചോറിലെ ഈ കൺട്രോളാപ്പീസിലന്വേഷിച്ചാലറിയാം.

വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യമായ വ്യക്തിത്വവികാസത്തിൽ മനോലൈംഗിക വികാസത്തിന് വളരെ പ്രാധാന്യമുണ്ട്. ആൺകുട്ടികളെയും പെൺകുട്ടികളും തമ്മിൽ വൈകാരികവും, ആരോഗ്യകരവുമായ പാരസ്പര്യം ഉണ്ടാക്കുന്ന അന്തരീക്ഷം കോളേജുകളിലുണ്ടായിരിക്കണം. പരസ്പരം മനസ്സിലാക്കാനുള്ള അവസരം അവർക്കുണ്ടായിരിക്കണം. യാതൊരു വെളിച്ചവുമില്ലാത്ത ചില കുട്ടികൾ ഹിസ്റ്റീരിയ ബാധിച്ചവരെപ്പോലെ കാട്ടിക്കൂട്ടുന്ന പബ്ലിക് ന്യൂയിസൻസ് ഒഴിവാക്കാനതു സഹായിക്കും. പല പ്രേമങ്ങളും ഇത്തരം ഹിസ്റ്റീരിയകൾ മാത്രമാണെന്നു പറഞ്ഞുകൊള്ളട്ടെ. (കാശും പിൻബലവുമുള്ളവനു ലൈംഗിക ചൂഷണം നടത്താനുള്ള ഒരുപാധിയായും പ്രേമം പ്രയോഗിക്കപ്പെടാറുണ്ടെന്നോർക്കുക.) എന്നു വിചാരിച്ച് അപൂർവ്വമായി സംഭവിക്കാറുള്ള അനശ്വരപ്രേമത്തെ വിലയിടിച്ചു കാണുന്നു എന്നു കരുതരുത്.

## ഉപസംഹാരം

എന്റെയീ കലാലയ മനഃശാസ്ത്ര ചിന്ത എത്ര വേണമെങ്കിലും നീട്ടിക്കൊണ്ടുപോകാവുന്നതേയുള്ളൂ. നീട്ടുന്നില്ല. വീട്ടിലായാലും, കോളേജിലായാലും ജീവിതം ധന്യമാകണമെങ്കിൽ മനസ്സിൽ സന്തോഷവും സമാധാനവുമുണ്ടാകണം. അനുഭവങ്ങളെല്ലാം ഉള്ളിൽനിന്നുണ്ടാകുന്നതാണ്. ഉള്ളു നന്നാക്കുകയാണു നാടുനന്നാക്കുന്നതിനേക്കാൾ പ്രധാനം. ഉള്ളിൽ ഭള്ളു കുറയ്ക്കുക. അതുകൊണ്ട് സാമൂഹ്യവിമർശനം വേണ്ടെന്നല്ല. വിമർശിക്കുന്നതുപോലും ആത്മശുദ്ധിയോടെ ചെയ്യുക. സാമൂഹിക സേവന മനഃസ്ഥിതി നിസ്വാർത്ഥ, സഹനശക്തി, ക്ഷമ, കാരുണ്യം, സ്നേഹം സമഭാവന ഇതൊക്കെ വളർത്തുകയാണ് മനസ്സിന്റെ വ്യക്തിത്വത്തിന്റെ വികാസത്തിനു അനുപേക്ഷണീയമെന്ന് ആധുനിക മനഃശാസ്ത്രം പറയുന്നു. തന്മൂലം നമുക്കെല്ലാം നന്മയുള്ളവരാകാം. ആമേൻ.



ABDUL RAOOF . A. K

II - B.B.S

# ORACLE - 7 THE PREMIER DBS

A data base system (DBS) which you are familiar with is being introduced in a sculptured form and goes by the name of ORACLE-7 Familiarity should start with its predecessors mainly the series oracle 1-6. This latest innovative Data base system is popular throughout the computer world. Thousands of people delve in to its benefits. It has now come to in its entirety.

➡ It is a powerful RDBMS (Relational Data Base Management System)

➡ It is available in different operating System platforms like UNIX, VAX, WINDOWS etc.

➡ Its data base functions are based on the powerful base language Sql (Structured Query Language)

➡ The enhanced SQL for ORACLE is known as PL/SQL.

➡ Pl/SQL consists of normal SQL commands like creating data base structures, inserting and deleting data etc. Additionally it consists of usual programming language control structures like if, for etc.

➡ It has a set of powerful user interface like developer 2000, designer 2000. This makes the application more attractive and easy.

➡ It is useful for developing different types of data base applications with less loading and high proformance.

➡ It has a client server application that is if the data is in one platform (say UNIX) other operating systmes can have access to this data. Thus it is useful for developing web application like internet.

➡ In India most cities have software companies using oracle for developing applications.

➡ Some Indian companies have multinational like and they develop software in India and export it it international clients.

➡ Some sample application of ORACLE-7 are Airline ticketing System, Railway reservation, System, Telephone Subscribers data base etc.

The important books available for refering ORACLE - 7 Systme are

1. Oracle - A beginers Guide by Michael corey & Michael Abbey
2. Oracle - Developers Guide by David Mc Clanahan
3. Oracle - DBA hand book by Kevin Loncy
4. Tuning Oracle by

   Michal J. Corey, Michael Abbey and Daniel J. Dechichio Jr.
5. Oracle work ground sever Hand book by Thomas B cox
6. Oracle Power objects hand book by Bruce Kolste and David Peterson
7. Oracle back up and Recovery hand book by Ramavelpuri
8. Oracle the complete reference 3 rd edition by George koch and Kevin Loncy.

***അബ്ദുൾ മുനീർ.പി***
***മൂന്നാം വർഷം ബി.എ. ഇക്കണോമിക്സ്***

# പരസ്യങ്ങളുടെ വളകിലുക്കം

കമ്പോളസംസ്ക്കാരത്തിന്റെ ആയുധമാണ് പരസ്യങ്ങൾ. ലാഭേച്ഛ മാത്രം ലാക്കാക്കിയിട്ടുള്ള ബഹുഭൂരിപക്ഷം കുത്തകകളുടെ ഉല്പന്നങ്ങൾക്ക് നമ്മൾ അറിയാതെ കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നു. ഉപഭോക്താവിന്റെ ദൗർബല്യങ്ങളിലേക്ക് ഉല്പാദകന്റെ ആയുധങ്ങൾ ചെന്ന് തറയ്ക്കുമ്പോൾ അവന്റെ ഉല്പന്നങ്ങൾക്ക് മാർക്കറ്റുണ്ടാവുന്നു. ഇവിടെ കമ്പനിക്കാരന് ലാഭമുണ്ടാവുമ്പോൾ ഉപഭോക്താവ് സ്വയം വഞ്ചിതനാവുന്നു. സ്നാനചൂർണ്ണം തേച്ച് കുളിച്ചവന് പിന്നീട് ഗംഗാജലത്തിൽ നിർമ്മിച്ചസോപ്പുകൊണ്ട് കുളിച്ചെങ്കിലേ തൃപ്തിവരികയുള്ളൂ ...ചെമ്പരത്തിത്താളികൊണ്ട് തലമുടി കഴുകിയവൾക്ക് 'എക്സട്രകെയർ' ഉണ്ടെങ്കിലേ തല വൃത്തിയാവൂ... നിങ്ങളെ നിയന്ത്രിക്കാനുള്ള ചങ്ങലകൾ അവന്റെ കൈകളിലല്ലേ...പരസ്യങ്ങൾ എന്തിനാണെന്നു ചോദിച്ചാൽ സംശയിച്ചു നിൽക്കാതെ ഉത്തരം പറയാം. – മനുഷ്യനെ വിഡ്ഢിയാക്കാൻ...!

ജീവിതത്തിന്റെ സമസ്ത മേഖലകളിലും പരസ്യമെന്ന ഭൂർഭൂതം കടന്നുകൂടിയിരിക്കുന്നു. പണം, അഭിമാനം, ജീവൻ എന്നിവ മുതൽ വിലമതിക്കാനാവാത്ത പലതും നഷ്ടപ്പെടുത്താൻ ഓരോ പരസ്യവും നമ്മളറിയാതെ നമ്മെ പ്രേരിപ്പിക്കുന്നു അത്തരത്തിലുള്ളതാണ് ഓരോന്നിന്റെയും ഘടന. ഉദാഹരണമായി ഈ 'ലുധിയാന' പരസ്യം ശ്രദ്ധിക്കൂ...

"മൂട്ടയെകൊല്ലാൻ നവീന ഉപാധി...
വർഷങ്ങളുടെ ഗവേഷണ ഫലം...
നൂറ് രൂപാ മാത്രം.

മൂട്ടയുടെ ശല്യം സഹിക്കുന്ന ആരും 100 രൂപ കമ്പനിക്ക് അയക്കും അയച്ചവരുടെ കാര്യം നോക്കൂ. എല്ലാവർക്കും കാര്യമായി സാധനം എത്തി. ഒരു ചെറിയ പലക. ഒരു ചുറ്റിക. മൂട്ടയെ പിടിച്ച് പലകയിൽ വെയ്ക്കാൻ ഒരു ചവണകൂടാതെ മൂട്ടയെ നവീന രീതിയിൽ കൊല്ലുന്ന ചിത്രങ്ങളടങ്ങിയ ഒരു ക്ലാറ്റ്ലോഗും.

ഇതാ പരസ്യത്തിനു മുമ്പിൽ ജീവൻ നഷ്ടപ്പെട്ട ഒരു ബാലൻ. ഒരു വെള്ളിയാഴ്ച ഉച്ചയ്ക്ക സ്ക്കൂൾ വിട്ട സമയം. വിദ്യാർത്ഥികളെകൊണ്ട് റോഡ് നിറഞ്ഞിരിക്കുന്നു. സ്ക്കൂളിന്റെ നേരെ എതിർവശത്തുള്ള ചായക്കടക്കുമുമ്പിൽ വിദ്യാർത്ഥികളുടെ ഒരു കൂട്ടം. റോഡിനപ്പുറത്തുള്ള വിദ്യാർത്ഥികളിൽ പലരും അങ്ങോട്ടോടാൻ തയ്യാറെടുത്തെങ്കിലും വഴിയെ വന്ന ഒരു ബസ് അവരെ തടഞ്ഞു. എന്നാൽ അപ്പുറത്തെന്താണെന്നറിയാൻ ഉള്ള ആകാംക്ഷമൂലം ഒരു നാലാം ക്ലാസുകാരൻ ബസ് ശ്രദ്ധിക്കാതെ ബസ്സിനു കുറുകെ ഓടി. ബസ്സിന് നിർത്താനായില്ല. ഒരു കുരുന്നു ജീവൻ നടുറോഡിലവസാനിച്ചു. ചായക്കടക്കുമ്പിലുണ്ടായിരുന്നത് പുതുതായി ഇറങ്ങിയ ഒരു അശ്ലീല പടത്തിന്റെ പോസ്റ്ററായിരുന്നുവെത്രെ! ആ പരസ്യത്തിനു മുമ്പിൽ ജീവൻ കീഴടങ്ങി.

"ഞങ്ങൾ നിർമ്മിച്ച ഫ്രിഡ്ജ് വാങ്ങുന്നവർക്ക് ഒരു വീഡിയോ കാസറ്റ് സൗജന്യം. ഈ സൗജന്യം സ്റ്റോക്ക്തീരുന്നതുവരെ മാത്രം...!" ഒന്നു ചോദിച്ചോട്ടെ ഈ ഫ്രിഡ്ജ് വാങ്ങുന്നയാൾക്കെന്തിനാണ് വീഡിയോ കാസറ്റ്? ഫ്രിഡ്ജിൽ കേടുവരാതെ സൂക്ഷിക്കുവാനോ? ഇങ്ങിനെയാണെങ്കിൽ ഇനിതോക്കു നിർമ്മാണകമ്പനിയുടെ പരസ്യം ഇങ്ങിനെയായിരിക്കും. ഈ പുതിയ തരം തോക്കു വാങ്ങുന്നവർക്ക് ഒരു അണുബോംബു സൗജന്യം....!

നമ്മുടെ മാഗസിനൊന്നു നോക്കൂ ...താളുകളിലും പരസ്യങ്ങൾ അല്ലെ. ഇതിനുകുറ്റക്കാരൻ എഡിറ്ററോ പ്രിൻസിപ്പാളോ അല്ല. നമ്മുടെ മാഗസിൻ തന്നെയാണ് പ്രതിധാരാളം പേജുകളുള്ള നിലവാരത്തോടു കൂടിയ ഒരു മാഗസിൻ കലാലയത്തിലെ വിദ്യാർത്ഥികളുടെ കരങ്ങളിലെത്തുന്നതിന് തീർച്ചയായും പരസ്യങ്ങളെ നമുക്ക് ആശ്രയിച്ചേതീരൂ. പരസ്യങ്ങൾ നൂറെണ്ണം കച്ചവട താല്പര്യങ്ങൾ സംരക്ഷിക്കാൻ തയ്യാറെടുത്തുനിൽക്കുമ്പോൾ ഒന്നോ രണ്ടോ സേവനത്തിന്റെ പുഞ്ചിരിയുമായി കടന്നുവരാറുണ്ട്. പത്രങ്ങളിലെ വൈവാഹിക പംക്തി ഇതിനുദാഹരണമാണ്. വരനോ വധുവിനോ വേണ്ടിയുള്ള അലച്ചിലും വേണ്ട കൂടാതെ ബ്രോക്കറുടെ വഴിയെ നടക്കുകയും വേണ്ട.

ഒരു സ്വിച്ചണക്കൂ...വൈദ്യുതിലാഭിക്കൂ. തുടങ്ങിയ ഉപദേശങ്ങളും സർക്കാർ പരസ്യങ്ങൾ തരുന്നു.

ഇപ്പറഞ്ഞ സംഗതികളിൽ നിന്നും ഒരു കാര്യം മനസ്സിലാക്കാം പരസ്യം ആവശ്യമാണ് എങ്കിലും പരിധി ലംഘിക്കരുത് – അമൃതും അധികമായാൽ വിഷം.

SHALJAN.A.M.
**II M.A. [Economics]**

# THE SHAPE OF THINGS TO COME

In the wake of the Soviet implosion, predictions of lasting peace once again rang out and a new theory suddenly became fashionable. A growing chorus of Western and especially American intellectuals began to argue that the shape of tomorrow would essentially be determined by economic, not military warfare. As early as 1986, in 'The Rise' of the Trading State' Richard Rosecrance of the Centre for International Relations at the University of California, contended that nations were becoming so economically interdependent as to lessen their tendency to fight one another. Trade, not military might, was now the path to world power. C.Fred Bergstein, director of the Washington based Institute for International Economics began arguing that military might would decrease in significance in a new era of 'geo-economics'.

We are witnessing the sudden eruption of a new civilization on the planet, carrying with it a knowledge-intensive way of creating wealth, ie, trisecting and transforming the entire global system today. Everything in that system is now mutating, from its basic components... to the way they interrselate.... to the speed of their interactions .... to the interests over which countries contend ... to the kinds of wars that may result and which need to be prevented.

**Emergence of transnational Economics** :

In the high-tech world, the economic basis of the nation is sliding out from under it. There, national markets are becoming less important than local, regional, and global markets. On the production side, it becomes nearly impossible to tell what country a particular car or computer come from, since its parts and software come from different sources. The most dynamic sectors of the new economy are not national; they are either sub-supra or transnational.

While the poor, powerless, and 'Wannabe' groups demand 'Sovereignty', the most powerful and economically advanced states of all are losing theirs. Even the most powerful governments and their central banks can no longer control their own currency rates in a world awash in unregulated tidal waves of electronic money. They cannot even control their borders as they might have in the past. Even when they try to slam the door shut to import or immigrants, the high-tech states find themselves increasingly penetrated from outside by flows of money, ideology, culture, information and the like. Thus, the

old hard edges of the nation-state are eroding. And a new kind of political entity is emerging, ie, the 'soft-edged' post-national states.

**Role of Transnational Associations :**

In addition to states, thousands of transnational associations are springing up like mushrooms after rain. These transnational associations have larger-than national interests and their own global organisations and agendas. These NGOs play an increasingly active role in the management of the world system and include as a special class, a host of transnational political movements as well.

Many of these organisations are highly sophisticated, armed with computer and faces, and enjoy access to super computer networks, satellite transponders, and all the other means of advanced communications. The transnational corporations breed at extremely high speed in our societies. In short, the old global system built around a few neatly defined nation state 'chips' is replaced by a twenty first century ' global computer' into which thousands and thousands of extremely varied chips are plugged.

**Growing Interdependence :-**

The nations of the world are growing more inter-dependent. in other words, the high-tech countries are drifting towards hyper-connectivity. internally, these countries are going through a painful process of economic deconstruction and reconstruction. Giant corporations and government bureaucracies reorganise, break up or decline in importance. New ones arise to take their place. Small units of all kinds multiply and form temporary alliances and consortia, crisscrossing the society with plug-in plug-out modular organisations. Market fracture into smaller and smaller segments as the mass society itself de-massifies.

As the internal process unfolds, companies, social and ethnic groups, agencies and institutions develop a vast number of varied connections with the outside world. The more heterogeneous they become, the more they travel, export, import, communicate and exchange information with the other parts of the world, and the more joint ventures, strategic alliances, consortia and associations they form across borders, They move, in short, into the stage of hyper-connectivity.

In conclusion, unlike the agrarian states, the post nations have no great need for additional territory. Unlike the industrial states, they have no need for vast natural resources of their own. The post-nations, of course, still need energy and food, but what they also need now is knowledge convertible into wealth. They need access to, or control of world data banks and telecommunications networks. They need markets for intelligence-intensive products and services. They need protection against piracy of intellectual products. The diverging needs of the post-nation economies are reflected in radically different conceptions of ' national interest' and which could produce sharp tensions among the countries in the years to come.

